Consideration of amendment to Rules

Uncorrected/Not for publication
07-10-2025

**നിയമ നിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെ ചേർത്തിരിക്കുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തര ഘട്ടങ്ങളും:

(i) 2024-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണിത്. ഞാൻ അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. നമ്മളിതിനെപ്പറ്റി കഴിഞ്ഞദിവസവും സംസാരിച്ചിരുന്നു. കേരളത്തിലെ കൃഷിക്കാരാകെ ആവശ്യപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട കാര്യമാണിത്. അവർ ഉൽപാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ പാഴായി പോകുന്നതിനാൽ അതുപയോഗിച്ച് ഹോർട്ടി വൈൻ എന്ന പേരിൽ വൈൻ നിർമ്മിക്കുകയും അതിന് നികുതിഘടന ഏർപ്പെടുത്തുകയും വേണമെന്ന അവരുടെ ആവശ്യമാണ് ഈ അമെന്റ്മെന്റിന്റെ ഭാഗമായി വരുന്നത്. ഏറ്റവും കൂടുതൽ പഴം, പച്ചക്കറി എന്നിവ ഉൽപാദിപ്പിക്കുന്ന സംസ്ഥാനത്ത് അവയ്ക്ക് ന്യായമായ വില ലഭിക്കുന്നില്ലെന്നതും അത് പെരിഷബിൾ കമ്മോഡിറ്റി എന്ന നിലയിൽ പെട്ടെന്ന് കേടായിപ്പോകുന്നത് പരിഹരിക്കാനും വേണ്ടി 2023-ലെ ബജറ്റ് പ്രസംഗത്തിലും തുടർന്നും എടുത്ത നടപടികളുടെ ഭാഗമായാണ് ഈ അമെന്റ്മെന്റ് വരുന്നത്. അതുസംബന്ധിച്ച നികുതിനിർദേശവും ഇതിൽ വരുന്നുണ്ട്.

പ്രതിപക്ഷം ഇവിടെ ചെയ്യുന്നത് അങ്ങേയറ്റം വിഷമകരമായ

കാര്യമാണ്. പ്രതിപക്ഷനേതാവുൾപ്പെടെ ഇവിടെ ഇരിക്കുമ്പോൾ പ്രതിപക്ഷാംഗങ്ങൾ വലിയ ബാനർ ഉപയോഗിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖം മറച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളിൽ നിന്ന് ഈ ചർച്ചകളും ജനാധിപത്യരീതികളും മറയ്ക്കാൻ ഇവർ ശ്രമിക്കുകയാണ്. എന്നാൽ ഈ നാട്ടിലെ സത്യസന്ധമായ കാര്യങ്ങൾ ഇത്തരത്തിൽ ബാനർ ഉപയോഗിച്ച് മറയ്ക്കാൻ സാധിക്കില്ല. ഹൈക്കോടതി പറഞ്ഞ ഒരു കാര്യത്തിന്റെ അടിസ്ഥാനത്തിൽ അക്കാര്യത്തിൽ ഗവൺമെന്റ് നിലപാടെടുക്കുകയും ഹൈക്കോടതിയുടെ പ്രത്യേക ഇൻവെസ്റ്റിഗേഷൻ ടീമിനെ നിശ്ചയിച്ച്.......അതിനപ്പുറം വേറെ എന്തുകാര്യം....... പുറത്ത് ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും അകത്ത് കോൺഗ്രസും കൂടി നടത്തുന്ന ഇടതുപക്ഷ ഗവൺമെന്റിനെതിരെയുള്ള നാടകമാണിത്. പുറത്ത് ആർ.എസ്.എസ്.-കാരും ബി.ജെ.പി.-ക്കാരും പല സ്ഥലങ്ങളിലും ഇത് പറഞ്ഞ് നടക്കുന്നുണ്ട്. നിങ്ങൾ ഒരുമിച്ചുള്ള പ്ലാനിങ്ങിന്റെ ഭാഗമാണിത്. ചില കാര്യങ്ങളുമായി സുപ്രീംകോടതി വരെ പോയിട്ട്.......(ബഹളം)..... 'ഫൈൻ അടിക്കണോ' എന്ന് സുപ്രീംകോടതി ചോദിച്ച ചില മെമ്പർമാർ

ഉണ്ടല്ലോ ഇവിടെ........(ബഹളം).....എത്രയോ കാലങ്ങളായി ഇവരിങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നു......(ബഹളം)....കോടതിയിൽപ്പോയി തോറ്റിട്ട്, കോടതിയെ വെല്ലുവിളിക്കുന്ന സമീപനമാണിവർ സ്വീകരിക്കുന്നത്. നേരത്തെയും ഇവർ ഇത്തരം കാര്യങ്ങൾ ചെയ്തിട്ടുണ്ട്, അതിന്റെ തുടർച്ചയാണിത്....... ഇവിടെ വാചാലമായി സംസാരിക്കുന്ന അംഗങ്ങൾ........ കേരളത്തിലെ ജനങ്ങൾ കാണുകയാണല്ലോ..... കേരളത്തിലെ സാധാരണക്കാരുടെ വരുമാനത്തിന് വലിയ മാറ്റമുണ്ടാകുന്ന ഹോർട്ടി വൈൻ ഉൾപ്പെടെയുള്ളവ ഉണ്ടാക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നു, ഇനിയും ബില്ലുകളുണ്ട്. ലോകത്ത് തന്നെ ആദ്യമായി ഏകപാർപ്പിടമെന്ന നിയമം വരികയാണ്. ഇതൊക്കെ ചർച്ച ചെയ്യുന്നത് ജനങ്ങൾ കാണാതിരിക്കാൻ വേണ്ടിയല്ലേ.......

ഞാൻ കോളേജിൽ പഠിക്കുന്ന സമയത്ത് ഏറ്റുമാനൂർ അമ്പലത്തിലെ വിഗ്രഹം മോഷണം പോയ സംഭവമുണ്ടായി. അന്നത് വളരെയേറെ ചർച്ചയായ സംഭവമാണ്. അവസാനം പ്രസ്തുത വിഗ്രഹം മോഷ്ടിച്ചത് തിരുവനന്തപുരത്തുള്ള കെ.എസ്.യു.-വിന്റെ ഭാരവാഹിയായിരുന്നുവെന്ന്

കണ്ടെത്തി. പഴയകാലത്തെ അത്തരം കാര്യങ്ങൾ നിങ്ങൾ ഓർക്കേണ്ടതാണ്. പഴയകാര്യങ്ങൾ വായിച്ചുനോക്കിയാൽ അത് മനസ്സിലാകും. എവിടെയായാലും തെറ്റ് ചെയ്യുന്ന ആളുകളെ........ ഹൈക്കോടതി പറഞ്ഞതുപോലെയുള്ള അന്വേഷണങ്ങൾ അതിശക്തമായി നടത്തി മുന്നോട്ട് പോകാൻ തീരുമാനിക്കുമ്പോൾ അതിനെതിരെ നാടകം കാണിക്കേണ്ട കാര്യമില്ല. കൂവിയിട്ട് കാര്യമില്ല. നിങ്ങൾ കൂവുകയും ബഹളം ഉണ്ടാക്കുകയും ചെയ്യും. എന്നാൽ ജനങ്ങളോട് പറയേണ്ട കാര്യങ്ങൾ പറയാനുള്ള വേദിയാണിത്. നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ ഈ സഭയിൽ ടി വിഷയം ചർച്ച ചെയ്യണം. നിങ്ങൾ വളരെ പാണ്ഡിത്യമുള്ളവരല്ലേ, ഈ സഭയിൽ ചർച്ച ചെയ്യേണ്ടവ ചർച്ച ചെയ്യാതെ എല്ലാ ചർച്ചയും തടസ്സപ്പെടുത്തുകയല്ല ചെയ്യേണ്ടത്. ഇത് സുതാര്യതയുടെ കാലമാണ്. ധൈര്യമുണ്ടെങ്കിൽ ചർച്ച ചെയ്യണം. കേരളത്തിലെ ജനങ്ങൾ തെരഞ്ഞെടുത്ത് അയച്ചിരിക്കുന്നത് ഈ വേദിയിൽ ചർച്ച ചെയ്യാനാണ്, അല്ലാതെ കൂവിത്തോൽപ്പിക്കാനല്ല. കൂവിത്തോൽപ്പിക്കുന്നത് ജനാധിപത്യമല്ല. ചർച്ച ചെയ്യാൻ തയ്യാറാകാത്ത പ്രതിപക്ഷത്തിന്റെ

നിലപാടിൽ ഞാൻ പ്രതിഷേധിക്കുന്നു. ഹോർട്ടി വൈൻ സംബന്ധിച്ച് കൂടുതൽ പറയുന്നില്ല. ഈ ഭേദഗതി ബിൽ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

**രണ്ടാം വകുപ്പ്**

Shri M. Noushad: Sir, I move the following amendment:

114. In Clause 2 for the words and symbols "In section 5, in sub-section (1), in the explanation (b)" the words and symbols "In the explanation (b) of the sub-section (1) in section 5" shall be substituted.

Shri Linto Joseph: Sir, I move the following amendment:

118. In the explanation (b) of section 5(1) proposed to be amended in the principal Act by Clause 2 for the words and symbol "Horti- wine," the words "horti-wine" shall be substituted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

Shri K. Babu (Nenmara): Sir, I move the following amendment:

128. In column 2 of item (iv) under the serial number and heading “2 Foreign Liquor” proposed to be amended in the principal Act by Clause 3(a) for the word “including” the word “and” shall be substituted.

Shri K. U. Jenish Kumar : Sir, I move the following amendment:

136. In the explanation (ia) to the schedule proposed to be inserted in the principal Act by Clause 3(b) for the words and symbol “Horti-wine” the word “hortiwine” shall be substituted.

Shri H. Salam: Sir, I move the following amendment :

139. In the explanation (ia) to the schedule proposed to be inserted in the principal Act, by Clause 3(b), for the words and symbol “Horti-wine” the word “horti wine” shall be substituted.

Shri Xavier Chittilappilly: Sir, I move the following amendment:

142. In the explanation (ia) to the schedule proposed to be inserted in the principal Act, by Clause 3(b), for the words and symbol “Horti-wine” the word and symbol “horti-wine” shall be substituted.

Shri E. Chandrasekharan: Sir, I move the following amendment:

148. In the explanation (ia) to the schedule proposed to be inserted in the principal Act, by Clause 3(b), the word “same” shall be deleted.

Shri P. T. A. Rahim : Sir, I move the following amendment:

159. In the explanation (ia) to the schedule proposed to be inserted in the principal Act by Clause 3(b) for the word “it” the words and symbol “Horti-wine” shall be substituted.

Shri M. Vijin: Sir, I move the following amendment:

164. The explanation (ia) to the schedule proposed to be inserted in the principal Act by Clause 3(b) shall be recast as follows;

“(ia) “horti-wine” shall have the same meaning as assigned to “Horti-wine” in clause (g) of rule 2 of the Kerala Small Scale Winery (for production of horti-wine from tropical fruits and agricultural products of Kerala) rules 2022.”.

Shri K. V Sumesh: Sir, I move the following amendment:

167. The explanation (ia) to the schedule proposed to be inserted in the principal Act, by Clause 3(b), shall be recast as follows;

“(ia) “Horti-wine” shall have the same definition applicable in clause (g) of rule 2 of the Kerala Small Scale Winery (for production of horti-wine from tropical fruits and agricultural products of Kerala) Rules, 2022”.

Shri K. N. Unnikrishnan: Sir, I move the following amendment:

170. The explanation (ia) to the schedule proposed to be inserted in the principal Act, by Clause 3(b), shall be recast as follows;

“(ia) “Horti-wine” means the product obtained on alcoholic fermentation of tropical fruits and agricultural products and containing alcohol up to 15.5%.”

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ബാബു. (നെന്മാറ) അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹിം അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri D. K. Murali: Sir, I move the following amendment:

107. In Clause 1(2), for the words "come into force at once", the words and figures "be deemed to have come into force on the 1st day of April 2025." shall be substituted.

Shri A. C. Moideen: Sir, I move the following amendment:

111. Clause 1(2) shall be recast as follows:-
"(2) It shall be deemed to have come into force on the 1st day of April 2025."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):സർ, ഈ ബില്ലിന്റെ അവതരണവേളയിൽ സൂചിപ്പിച്ചതുപോലെ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് ഈ നിയമസഭ പരിഗണിക്കുന്ന ഏറ്റവും സുപ്രധാനമായൊരു നിയമനിർമ്മാണമാണ് 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബില്ലിലൂടെ നിർവഹിക്കപ്പെടുന്നത്.

നമ്മുടെ സംസ്ഥാനം പോലെ ഉയർന്ന സാമൂഹിക ബോധവും വിദ്യാഭ്യാസ പ്രബുദ്ധതയും അതനുസരിച്ചുള്ള കൂട്ടായ്മകളും സന്നദ്ധപ്രവർത്തനങ്ങളുമെല്ലാം നടന്നുവരുന്ന ഇവിടെ അത്തരം പ്രവർത്തനങ്ങളെ വ്യവസ്ഥാപിതവും സുതാര്യവുമാക്കിക്കൊണ്ട് പ്രോത്സാഹനവും മാർഗ്ഗദർശനവും നൽകുകയെന്നതാണ് ഈ നിയമനിർമ്മാണത്തിലൂടെ ലക്ഷ്യമിടുന്നത്. വിവിധ മേഖലകളിൽ സ്തുത്യർഹമായി പ്രവർത്തിക്കുന്ന നിരവധി സംഘങ്ങൾ നിലവിൽ ഇതിന്റെ പരിധിയിൽ വരുന്നതാണ്. ബില്ലിന്റെ അവതരണവേളയിൽ സൂചിപ്പിച്ചതുപോലെ കേരള ക്രിക്കറ്റ് അസോസിയേഷൻ, A.M.M.A, കേരള സാഹിത്യ അക്കാദമി, ചിന്മയ മിഷൻ, അഖില ഭാരതീയ അയ്യപ്പ സേവാ സംഘം, ഇൻഫർമേഷൻ കേരള മിഷൻ, മലബാർ കാൻസർ സെന്റർ തുടങ്ങി ഏറെ ശ്രദ്ധേയമായ സംഘങ്ങൾ മുതൽ ഗ്രാമീണ വായനശാലകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ വരെ ഈ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെടുന്നതാണ്. അതുപോലെതന്നെ സംഘങ്ങളുടെ രജിസ്ട്രേഷൻ എന്നത് രജിസ്ട്രേഷൻ വകുപ്പിന്റെ ഭരണനിർവ്വഹണത്തിൽ സുപ്രധാനമാണ്. ഇത്രയേറെ

പ്രാധാന്യമുള്ള ഈ സംവിധാനങ്ങൾക്ക് സംസ്ഥാനത്ത് ഏകീകൃതമായൊരു നിയമം നാളിതുവരെ ഉണ്ടായിട്ടില്ലെന്ന പോരായ്മയാണ് 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ എന്ന ഈ പുതിയ ബില്ലിലൂടെ പരിഹരിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ കേരള നിയമസഭയുടെ ചരിത്രപരമായൊരു നടപടിക്രമം കൂടിയാണ്. വ്യത്യസ്ത ജില്ലകളിൽ വ്യത്യസ്ത നിയമവ്യവസ്ഥകൾ, ഒരേ ജില്ലയിൽത്തന്നെ വ്യത്യസ്ത നിയമങ്ങൾ, ഒരേ സംഘത്തിന് വ്യത്യസ്ത ജില്ലകളിൽ വ്യത്യസ്ത നിയമങ്ങൾ തുടങ്ങിയ നിലവിലുള്ള പോരായ്മകളെല്ലാം പരിഹരിക്കുന്ന വിധത്തിലാണ് ഈ പുതിയ ബിൽ തയ്യാറാക്കിയിരിക്കുന്നത്. ഈ സഭ അധികാരപ്പെടുത്തിയതുപ്രകാരം ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റി വിശദമായിത്തന്നെ ബിൽ പരിശോധിച്ചിട്ടുണ്ട്. നിലവിൽ ഇത്തരത്തിൽ പ്രവർത്തിച്ചുവരുന്ന അഞ്ച് ലക്ഷത്തിലധികം സംഘങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടെങ്കിലും അഞ്ചിലൊന്ന് സംഘങ്ങൾ മാത്രമാണ് നിയമാനുസൃതമുള്ള റിട്ടേണുകൾ യഥാസമയം സമർപ്പിച്ചുവരുന്നത്. പുതിയ നിയമം നടപ്പാക്കുമ്പോഴും ഈ മുഴുവൻ സംഘങ്ങളുടെയും സാധൂകരണം ഉറപ്പാക്കിയിട്ടുണ്ട്. സംഘങ്ങളുടെ

രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച നടപടിക്രമങ്ങൾ ലളിതവും കാര്യക്ഷമവുമാക്കാനും അതോടൊപ്പം നിലവിൽ രജിസ്ട്രേഷനുള്ളവയുടെ പ്രവർത്തനങ്ങളിൽ വന്നുചേർന്ന വീഴ്ചകൾ ക്രമവത്ക്കരിക്കാനും അതുവഴി രജിസ്ട്രേഷൻ പുതുക്കുന്നതിനുമെല്ലാം ആവശ്യമുള്ള വ്യവസ്ഥകൾ പുതിയ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതോടൊപ്പം തന്നെ അപൂർവ്വമെങ്കിലും കടലാസ് സംഘങ്ങളായി രജിസ്റ്റർ ചെയ്ത് തട്ടിപ്പ് സംഘങ്ങളായി മാറുന്ന പ്രവണതകളെ നിയന്ത്രിക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘം പ്രവർത്തനത്തിൽ ഗുരുതരമായ ക്രമക്കേടുകൾ, ധനദുർവിനിയോഗം, പൊതുതാത്പര്യങ്ങൾ ഹനിക്കൽ തുടങ്ങിയ നിരവധി വിഷയങ്ങളിൽ അവയെ തിരുത്തുന്നതിന് ഫലപ്രദമായി ഇടപെടാനും പുതിയ നിയമനിർമ്മാണത്തിലൂടെ സാധിക്കും. സംഘാംഗങ്ങൾക്കിടയിലുണ്ടാകുന്ന വിഭിന്ന അഭിപ്രായങ്ങളും താത്പര്യങ്ങളുംമൂലം അനന്തമായി നീണ്ടുപോകുന്ന കോടതി വ്യവഹാരങ്ങളിലൂടെ സംഘത്തിന്റെ പ്രവർത്തനം തന്നെ സ്തംഭിച്ചുപോകുന്ന സ്ഥിതി ഒഴിവാക്കാനും ഇതിലൂടെ സാധിക്കും. ഇത്തരത്തിൽ കാലോചിതമായ മാറ്റങ്ങളോടെ കൂടുതൽ വ്യക്തതയോടെ

വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരളത്തിലെ കലാ, കായിക, സാഹിത്യ, സാംസ്കാരിക, വിദ്യാഭ്യാസ, ശാസ്ത്ര മേഖലകളിൽ പ്രവർത്തിക്കുകയും അത്തരം മേഖലകളുടെ ഉന്നമനത്തിലൂടെ സാമൂഹിക പുരോഗതി ലക്ഷ്യമിട്ട് പ്രവർത്തിക്കുകയും ചെയ്യുന്ന സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതോടൊപ്പം അവയുടെ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതവും സുഗമവും സുതാര്യവുമാക്കുന്ന വിധത്തിൽ അവതരിപ്പിച്ചിട്ടുള്ള 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബില്ലാണ് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം റിപ്പോർട്ട് സഹിതം വീണ്ടും പരിഗണനയ്ക്ക് വന്നിട്ടുള്ളത്. ഇതിന്റെ പ്രാധാന്യമുൾക്കൊണ്ടുകൊണ്ട് ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് ഞാൻ ഈ സഭയുടെ മുന്നിൽ വിനീതമായി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

രണ്ടാം വകുപ്പ്

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(i) നിലവിലെ (സി) ഇനം (ഡി) ഇനമായി പുനഃരക്ഷരം ചെയ്യേണ്ടതും തുടർന്നുള്ള ഇനങ്ങൾ തദനുസൃതമായി പുനഃരക്ഷരം ചെയ്യേണ്ടതും;

(ii) അപ്രകാരം പുനഃരക്ഷരം ചെയ്ത് (ഡി) ഇനത്തിനു മുമ്പായി താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:-

" (സി) " ദിവസം" എന്നാൽ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ പ്രവൃത്തി ദിവസം എന്നർത്ഥമാകുന്നു;" .

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

204. ഖണ്ഡം 2(ബി)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈ-ലോയും" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

208. ഖണ്ഡം 2(ബി)-ൽ "പ്രകാരം" എന്നതിന് ശേഷം "ഒരു നിശ്ചിത കാലയളവിലേക്ക്" എന്ന് ചേർക്കുക.

227. ഖണ്ഡം 2(ഡി)-ൽ "നിയമിക്കാവുന്ന" എന്നതിന് ശേഷം "അധികാരിതയുള്ള" എന്ന് ചേർക്കുക.

234. ഖണ്ഡം 2(ഇ)യുടെ വിശദീകരണത്തിൽ "മൂന്ന്" എന്നതിന് മുമ്പിൽ "ന്യായമായ കാരണങ്ങളാലല്ലാതെ" എന്ന് ചേർക്കുക.

247. ഖണ്ഡം 2(എച്ച്)-ൽ "പ്രദേശത്ത്" എന്നതിന് ശേഷം "നിയമിക്കാവുന്ന" എന്ന് ചേർക്കുക.

276. ഖണ്ഡം 2(കെ)-ൽ “ വർഷം” എന്ന് വരുന്നിടത്തെല്ലാം “ കാലയളവ്” എന്ന് ചേർക്കുക.

277. ഖണ്ഡം 2(കെ) “ തീയതിയിൽ ആരംഭിച്ച്” എന്നതിന് ശേഷം “ പന്ത്രണ്ട് മാസക്കാലയളവ്” എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

213. ഖണ്ഡം 2(ബി)-ൽ "ഭരണം ഏല്പിക്കപ്പെട്ടിട്ടുള്ള" എന്നതിന് പകരം "ഭരണ ചുമതലയുള്ള" എന്ന് ചേർക്കുക.

270. ഖണ്ഡം 2(ജെ)-ൽ " കരുതപ്പെടുന്നതോ" എന്നതിന് പകരം " അംഗീകരിക്കപ്പെടുന്നതോ" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 2(ഡി)-ൽ "നിയമിക്കാവുന്ന" എന്നതിന് പകരം "നിയമിക്കപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

228. ഖണ്ഡം 2(ഡി)-ൽ "അപ്രകാരം ഒരു ഉദ്യോഗസ്ഥനെ നിയമിക്കാത്ത പക്ഷം" എന്നതിന് പകരം "പ്രസ്തുത ഉദ്യോഗസ്ഥന്റെ അഭാവത്തിൽ" എന്ന് ചേർക്കുക

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

230. ഖണ്ഡം 2(ഇ)-ൽ "ബൈലോകളും" എന്നതിന് പകരം "ബൈ-ലോകളും" എന്ന് ചേർക്കുക.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

233. ഖണ്ഡം 2(ഇ)-ൽ "ബൈലോകളിലോ" എന്നതിന് പകരം "ബൈ-ലോകളിലോ" എന്ന് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

236. ഖണ്ഡം 2(ഇ)യുടെ വിശദീകരണത്തിൽ "ഉണ്ടായിരിക്കുന്നതല്ലാത്തതും അയാളെ ഒരു അംഗമായി കണക്കാക്കുന്നതല്ലാത്തതുമാകുന്നു;" എന്നതിന് പകരം "ഉണ്ടായിരിക്കുന്നതല്ലാത്തതാകുന്നു;" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

240. ഖണ്ഡം 2(ജി)-ൽ "ആക്റ്റിൻ കീഴിൽ" എന്നതിന് പകരം "ആക്റ്റിന് വിധേയമായി" എന്ന് ചേർക്കുക.

253. ഖണ്ഡം 2(എച്ച്)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "സർക്കാർ ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

260. ഖണ്ഡം 2(എച്ച്)-ൽ "രജിസ്ട്രാറിന്റെ" എന്നതിന് പകരം "രജിസ്ട്രാറുടെ"

എന്ന് ചേർക്കുക.

മി. സ്പീക്കർ: 204-ാം നമ്പർ ഭേദഗതി 205-ാം നമ്പർ ഭേദഗതിക്കും 213-ാം നമ്പർ ഭേദഗതി 214 മുതൽ 217 വരെയുള്ള ഭേദഗതികൾക്കും 240-ാം നമ്പർ ഭേദഗതി 241 മുതൽ 245 വരെയുള്ള ഭേദഗതികൾക്കും 253-ാം നമ്പർ ഭേദഗതി 249 മുതൽ 252 വരെ, 254 എന്നീ ഭേദഗതികൾക്കും 270-ാം നമ്പർ ഭേദഗതി 266 മുതൽ 269 വരെയുള്ള ഭേദഗതികൾക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. ആബിദ് ഹുസൈൻ തങ്ങളുടെ 261-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

261. ഖണ്ഡം 2(എച്ച്)-ൽ "നിർവ്വഹിക്കുന്നതാണ്" എന്നതിന് പകരം "നിർവ്വഹിക്കുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി ഞാൻ സ്വീകരിക്കുന്നു.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 208, 227, 234, 247, 276, 277 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 213, 270 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 240, 253 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

279. ഖണ്ഡം 3-ൽ "താഴെ പറയുന്ന" എന്നതിന് മുമ്പിൽ "(1)" എന്ന ചിഹ്നങ്ങളും അക്കവും ചേർക്കുക.

284. ഖണ്ഡം 3-ൽ "ഉദ്ദേശ്യങ്ങൾക്കായുള്ള സംഘങ്ങൾ" എന്നതിന് ശേഷം "രൂപീകരിക്കാവുന്നതാണ് " എന്ന് ചേർക്കുക.

295. ഖണ്ഡം 3(iii)-ൽ "കായിക" എന്നതിന് പകരം “ കായിക, വിനോദ മേഖലകൾക്കുള്ള” എന്നത് ചേർക്കുക.

301. ഖണ്ഡം 3(v)-ൽ “ കലാസ്ഥാപനങ്ങളും” എന്നതിന് പകരം “ കലാസാംസ്കാരിക സ്ഥാപനങ്ങളും” എന്ന് ചേർക്കുക.

329. ഖണ്ഡം 3(vii)-ൽ "ശേഖരണവും" എന്നതിന് ശേഷം "." എന്ന ചിഹ്നം ചേർക്കുക.

334. ഖണ്ഡം 3-ൽ "അത്തരം സംഘങ്ങൾ" എന്നതിന് പകരം "(2) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച സംഘങ്ങൾ" എന്നത് ചേർക്കുക.

335. ഖണ്ഡം 3-ൽ "ഉദ്ദേശ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്" എന്നതിന് പകരം "ഉദ്ദേശ്യങ്ങൾ പ്രാപ്തമാക്കുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

289. ഖണ്ഡം 3(ii)-ൽ "കലകൾ" എന്നതിന് ശേഷം " ,തൊഴിൽ പരിശീലനം, പരിസ്ഥിതി സംരക്ഷണം, വയോജന ക്ഷേമം" എന്ന് ചേർക്കുക.

313. ഖണ്ഡം 3(vi)-ൽ " ദുർലഭമായ" എന്നതിന് പകരം " പരിമിതമായ" എന്ന് ചേർക്കുക.

320. ഖണ്ഡം 3 (vii)-ൽ " രൂപകല്പനകൾ" എന്നതിന് പകരം " നിർമ്മിതികൾ" എന്ന് ചേർക്കുക.

ശ്രീ. സി. സി. മുകുന്ദൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

302. ഖണ്ഡം 3(vi)-ൽ " വനം" എന്നതിന് ശേഷം " , മണ്ണ്" എന്ന് ചേർക്കുക.

336. ഖണ്ഡം 3-ൽ "അല്ലെങ്കിൽ ലാഭം" എന്നതിന് പകരം "അല്ലെങ്കിൽ ലാഭവിഹിതം" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

332. ഖണ്ഡം 3(vii)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക:

"(viii) അയൽപക്ക കൂട്ടായ്മകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ"

മി. സ്പീക്കർ: 289-ാം നമ്പർ ഭേദഗതി 290 മുതൽ 293 വരെയുള്ള ഭേദഗതികൾക്കും 302-ാം നമ്പർ ഭേദഗതി 303 മുതൽ 307 വരെയുള്ള ഭേദഗതികൾക്കും 313-ാം നമ്പർ ഭേദഗതി 314 മുതൽ 317 വരെയുള്ള ഭേദഗതികൾക്കും 320-ാം നമ്പർ ഭേദഗതി 321 മുതൽ 324 വരെയുള്ള ഭേദഗതികൾക്കും 336-ാം നമ്പർ ഭേദഗതി 337 മുതൽ 341 വരെയുള്ള ഭേദഗതികൾക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. അനൂപ് ജേക്കബിന്റെ 312-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

312. ഖണ്ഡം 3(vi)-ൽ " ദുർലഭമായ" എന്നത് ഒഴിവാക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 279, 284, 295, 301, 329, 334, 335 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 289, 313, 320 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ അവതരിപ്പിച്ച 302, 336 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

“ ഒരു സംഘം ഒഴികെയുള്ള യാതൊരു” എന്ന വാക്കുകൾക്ക് പകരം “ ഒരു സംഘം ഉൾപ്പെടെയുള്ള ഏതൊരു” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

344. ഖണ്ഡം 4-ൽ "സർക്കാർ " എന്നതിന് ശേഷം "ഒരു "എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

352. ഖണ്ഡം 4-ൽ “ ഏഴ്” എന്നതിന് പകരം “ ഒൻപത്” എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

356. ഖണ്ഡം 4-ൽ "ഉള്ളവർ" എന്നതിന് പകരം "ഉള്ളവരും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 356-ാം നമ്പർ ഭേദഗതി 357 മുതൽ 361 വരെയുള്ള ഭേദഗതികൾക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 344-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 352-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 356-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

363. ഖണ്ഡം 5-ൽ "ആവശ്യത്തിനായി" എന്നതിന് പകരം "ലക്ഷ്യത്തിനായി" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

368. ഖണ്ഡം 5-ൽ "ആവശ്യത്തിനായി" എന്നതിന് പകരം "ഉദ്ദേശ്യത്തിനായി" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു

371. ഖണ്ഡം 5-ൽ "കീഴിൽ" എന്നതിന് പകരം "പ്രകാരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 363-ാം നമ്പർ ഭേദഗതി 364 മുതൽ 367 വരെയുള്ള ഭേദഗതികൾക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 368-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 371-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

377. ഖണ്ഡം 6(1)(i)-ൽ "പേര്" എന്നതിന് പകരം "പേരും കാര്യാലയത്തിന്റെ മേൽവിലാസവും" എന്ന് ചേർക്കുക.

402. ഖണ്ഡം 6(2)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോകളും" എന്ന് ചേർക്കുക.

404. ഖണ്ഡം 6(3)-ൽ "മെമ്മോറാണ്ടവും" എന്നതിന് പകരം "മെമ്മോറാണ്ടം ഓഫ് അസോസിയേഷനും" എന്ന് ചേർക്കുക. 408. ഖണ്ഡം 6(3)-ൽ "ടൈപ്പ് ചെയ്തിട്ടുള്ളതോ" എന്നതിന് പകരം "കൈയ്യെഴുത്ത് പ്രതിയോ" എന്ന് ചേർക്കുക.

408. ഖണ്ഡം 6(3)-ൽ "ടൈപ്പ് ചെയ്തിട്ടുള്ളതോ" എന്നതിന് പകരം "കൈയ്യെഴുത്ത് പ്രതിയോ" എന്ന് ചേർക്കുക.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

383. ഖണ്ഡം 6(1) (iv)-ൽ "ചട്ടങ്ങൾ" എന്നതിന് പകരം "ചട്ടങ്ങളോ റഗുലേഷനുകളോ ബൈലോകളോ" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

385. ഖണ്ഡം 6(1) (iv)-ൽ "മേൽവിലാസവും" എന്നതിന് ശേഷം "താമസിക്കുന്ന പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരും വാർഡ്/ഡിവിഷൻ നമ്പരും" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

405. ഖണ്ഡം 6(3)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈ-ലോകളും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 385-ാം നമ്പർ ഭേദഗതി 386 മുതൽ 389 വരെയുള്ള

ഭേദഗതികൾക്കും 392-ാം നമ്പർ ഭേദഗതി 393 മുതൽ 395 വരെയുള്ള ഭേദഗതികൾക്കും 402-ാം നമ്പർ ഭേദഗതി 400, 401, 403 എന്നീ നമ്പർ ഭേദഗതികൾക്കും 405-ാം നമ്പർ ഭേദഗതി 406-ാം നമ്പർ ഭേദഗതിക്കും 413-ാം നമ്പർ ഭേദഗതി 414 മുതൽ 416 വരെയുള്ള ഭേദഗതികൾക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. പി. കെ. ബഷീറിന്റെ 392-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. വി. ഇബ്രാഹിമിന്റെ 413-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

392. ഖണ്ഡം 6(2)-ൽ "അംഗങ്ങൾക്ക് പ്രവേശനം" എന്നതിന് പകരം "അംഗത്വം" എന്ന് ചേർക്കുക.

413. ഖണ്ഡം 6(3)-ൽ "വിവരണം" എന്ന് വരുന്നിടത്തെല്ലാം അതിന് ശേഷം "അംഗീകൃത തിരിച്ചറിയൽ രേഖയുടെ നമ്പർ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 377, 402, 404, 408-ാം എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 383-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 385-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 405-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

430. ഖണ്ഡം 7-ൽ "നിലവിൽ" എന്നതിന് പകരം "നിലവിലുള്ള നിയമങ്ങൾ പ്രകാരം" എന്ന് ചേർക്കുക.

431. ഖണ്ഡം 7-ൽ "ചെയ്യപ്പെട്ടിട്ടുള്ള" എന്നതിന് പകരം "ചെയ്യപ്പെട്ടിട്ടുള്ളതും പ്രവർത്തനക്ഷമവുമായ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 430, 431 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

444. ഖണ്ഡം 8(1)-ൽ " റഗുലേഷനുകളും" എന്നതിന് ശേഷം " ബൈ-ലോയും" എന്ന് ചേർക്കുക.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

445. ഖണ്ഡം 8(1)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോയും" എന്ന് ചേർക്കുക.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

447. ഖണ്ഡം 8(2)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോയും" എന്ന് ചേർക്കുക.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

448. ഖണ്ഡം 8(2)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോയും" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

449. ഖണ്ഡം 8(2)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോകളും" എന്ന് ചേർക്കുക.

457. ഖണ്ഡം 8(3)-ൽ “ രജിസ്റ്റർ ചെയ്യുന്നത്” എന്നതിന് പകരം “ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ” എന്ന് ചേർക്കുക.

470. ഖണ്ഡം 8(3)-ൽ "സമർപ്പിക്കാവുന്നതുമാണ്" എന്നതിന് പകരം "സമർപ്പിക്കാവുന്നതും അങ്ങനെയുള്ള അപേക്ഷ മുപ്പത് ദിവസങ്ങൾക്കകം തീർപ്പാക്കേണ്ടതുമാണ്” എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

451. ഖണ്ഡം 8(2)-ൽ “ രേഖപ്പെടുത്തേണ്ടതും” എന്നതിന് പകരം “ രേഖപ്പെടുത്തിയ” എന്ന് ചേർക്കുക.

ശ്രീ. സി. സി. മുകുന്ദൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

459. ഖണ്ഡം 8(3)-ൽ “ മുപ്പത്” എന്നതിന് പകരം “ പതിനഞ്ച്” എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

471. ഖണ്ഡം 8(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "അപ്പീൽ കാലാവധി മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം" എന്നതിന് പകരം "മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം അപ്പീൽ കാലാവധി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 451-ാം നമ്പർ ഭേദഗതി 452 മുതൽ 456 വരെയുള്ള ഭേദഗതികൾക്കും 459-ാം നമ്പർ ഭേദഗതി 460 മുതൽ 464 വരെയുള്ള ഭേദഗതികൾക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച 445-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 447-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 448-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 449, 457, 470 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 451-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ അവതരിപ്പിച്ച 459-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 471-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒമ്പതാം വകുപ്പ്</u>

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

473. ഖണ്ഡം 9-ൽ "തീയതിയിൽ റിട്ടേൺ" എന്നതിന് പകരം "തീയതിയിൽ 19-ാം വകുപ്പ് പ്രകാരമുള്ള റിട്ടേൺ" എന്ന് ചേർക്കുക.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

478. ഖണ്ഡം 9-ന്റെ ക്ലിപ്ത നിബന്ധനയിൽ "സംഗതിയിൽ" എന്നതിന് ശേഷം "മതിയായ കാരണം ബോധ്യമാകുന്നപക്ഷം" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

485 ഖണ്ഡം 9-ന്റെ ക്ലിപ്ത നിബന്ധനയിൽ "വിനിർദ്ദേശിക്കാവുന്നതാണ്"

എന്നതിന് പകരം "ദീർഘിപ്പിച്ചു നൽകാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 473-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 478-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 485-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചിരിക്കുന്നു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

487. ഖണ്ഡം 10(1)-ൽ "ഇരുപത്തിയൊന്ന്" എന്നതിന് പകരം "മുപ്പത്" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

492. ഖണ്ഡം 10(1)-ൽ "ഒരു രജിസ്റ്റർ ചെയ്യപ്പെട്ട" എന്നതിന് പകരം "രജിസ്റ്റർ ചെയ്യപ്പെട്ട ഒരു" എന്ന് ചേർക്കുക.

517. ഖണ്ഡം 10(3)-ൽ "നൽകുന്നതിന്" എന്നതിന് പകരം "ഒടുക്കുന്നതിന്" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

493. ഖണ്ഡം 10(1)-ൽ "ഓഫീസ്" എന്നതിന് ശേഷം "സംസ്ഥാനത്ത്" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

494. ഖണ്ഡം 10(2)-ൽ "സംഘം രജിസ്റ്റർ ചെയ്ത തീയതി മുതൽ അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

501. ഖണ്ഡം 10(2)-ൽ "ഇരുപത്തിയൊന്ന്" എന്നതിന് പകരം " മുപ്പത്" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

518. ഖണ്ഡം 10(3)-ൽ "ബാദ്ധ്യസ്ഥമാകുന്നതാണ്" എന്നതിന് ശേഷം "മതിയായ കാരണത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അധികാരിക്ക് പിഴ ഒഴിവാക്കാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 494-ാം നമ്പർ ഭേദഗതി 495 മുതൽ 499 വരെയുള്ള ഭേദഗതികൾക്കും 518-ാം നമ്പർ ഭേദഗതി 519 മുതൽ 522 വരെയുള്ള ഭേദഗതികൾക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 493-ാം നമ്പർ ഭേദഗതിയും ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 517-ാം നമ്പർ ഭേദഗതിയും ഞാൻ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. സ്വീകരിച്ച ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 487-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 492-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 494-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 501-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 518-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനൊന്നാം വകുപ്പ്</u>

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയിൽ "തപാൽ മുഖേന”

എന്ന വാക്കുകൾക്ക് പകരം "തപാൽ മുഖേനയോ ഇലക്ട്രോണിക് മോഡിലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

531. ഖണ്ഡം 11 (1)-ൽ "റഗുലേഷനുകളോ" എന്നതിന് ശേഷം "ബൈലോയോ" എന്ന് ചേർക്കുക.

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

532. ഖണ്ഡം 11(1)-ൽ "റഗുലേഷനുകളോ" എന്നതിന് ശേഷം "ബൈ-ലോയോ" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

533. ഖണ്ഡം 11(1)-ൽ "പ്രത്യേക" എന്നത് ഒഴിവാക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

537. ഖണ്ഡം 11(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "അംഗങ്ങളുടെയും പകരം വോട്ട് ചെയ്യാൻ നിയുക്തനാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെയും"

എന്നതിന് പകരം "അംഗങ്ങളുടെ" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

538. ഖണ്ഡം 11(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "അവരുടെയും" എന്നതിന് ശേഷം "ചേർത്ത്" എന്ന് ചേർക്കുക.

540. ഖണ്ഡം 11(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഒരു" എന്നത് ഒഴിവാക്കുക.

546. ഖണ്ഡം 11(2)-ൽ "ഈടാക്കിക്കൊണ്ട്" എന്നതിന് ശേഷം "മുപ്പത് ദിവസത്തിനകം" എന്ന് ചേർക്കുക.

562. ഖണ്ഡം 11(3)ൽ "ചെയ്യാവുന്നതാണ്" എന്നതിന് പകരം "ചെയ്യാവുന്നതും അപ്രകാരമുള്ള അപ്പീൽ അപേക്ഷ മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

<u>ശ്രീ. വി. ജോയി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

539. ഖണ്ഡം 11(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ആ യോഗത്തിന് മുപ്പത് ദിവസത്തിന് ശേഷം വിളിച്ചു ചേർക്കപ്പെടുന്ന ഒരു രണ്ടാമത്തെ പ്രത്യേക പൊതുയോഗത്തിന്റെ സമാനമായ ഭൂരിപക്ഷത്തിൽ ശരിവയ്ക്കാത്തപക്ഷവും" എന്നത് ഒഴിവാക്കുക.

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

544. ഖണ്ഡം 11(2)-ൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫീസ് ഈടാക്കിക്കൊണ്ട്" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

551. ഖണ്ഡം 11(2)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ “ ഫീസിനോടൊപ്പം” എന്നത് ഒഴിവാക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

563. ഖണ്ഡം 11(3)ന്റെ ക്ലിപ്തനിബന്ധനയിൽ "അപ്പീൽ കാലാവധി മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം" എന്നതിന് പകരം "മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം അപ്പീൽ കാലാവധി" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

565. ഖണ്ഡം 11(4)ൽ "റിവിഷൻ" എന്നതിന് ശേഷം "അപേക്ഷ" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

566. ഖണ്ഡം 11(5) – ഒഴിവാക്കുക

മി. സ്പീക്കർ: 525-ാം നമ്പർ ഭേദഗതി 526 മുതൽ 528 വരെയുള്ള ഭേദഗതികൾക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. ടി. വി. ഇബ്രാഹിം-ന്റെ 525-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

525. ഖണ്ഡം 11(1)-ൽ "തോന്നുന്നപക്ഷം" എന്നതിന് പകരം "കരുതുന്നപക്ഷം" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 531-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 532-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാൽ അവതരിപ്പിച്ച 533-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 538, 540, 546, 562 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 539-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 544-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 551-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 563-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 565-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 566-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പന്ത്രണ്ടാം വകുപ്പ്</u>

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

568. ഖണ്ഡം 12(1)-ൽ "റഗുലേഷനുകളിലെയും" എന്നതിന് പകരം "ബൈലോകളിലെയും" എന്ന് ചേർക്കുക.

590. ഖണ്ഡം 12(2)-ൽ "ഈടാക്കിക്കൊണ്ട്" എന്നതിന് ശേഷം "മുപ്പത് ദിവസത്തിനകം" എന്ന് ചേർക്കുക.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

569. ഖണ്ഡം 12(1)-ൽ "റഗുലേഷനുകളിലെയും" എന്നതിന് ശേഷം "ബൈ-ലോയിലെയും" എന്ന് ചേർക്കുക.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

570. ഖണ്ഡം 12(1)-ൽ "റഗുലേഷനുകളിലെയും" എന്നതിന് ശേഷം "ബൈലോയിലെയും" എന്ന് ചേർക്കുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

572. ഖണ്ഡം 12(1)-ൽ "പ്രത്യേക" എന്നതിന് പകരം "പൊതു" എന്ന് ചേർക്കുക.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

583. ഖണ്ഡം 12(2)-ൽ "അനുസൃതമാണെന്ന്" എന്നതിന് പകരം "വിധേയമാണെന്ന്" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

589. ഖണ്ഡം 12(2)-ൽ "നിർണ്ണയിക്കപ്പെട്ട ഫീസ് ഈടാക്കിക്കൊണ്ട് " എന്നത് ഒഴിവാക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

597. ഖണ്ഡം 12(2)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "ഫീസിനോടൊപ്പം" എന്നത് ഒഴിവാക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

606. ഖണ്ഡം 12(4)-ൽ "അപ്പീൽ കാലാവധി മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം" എന്നതിന് പകരം "മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം അപ്പീൽ കാലാവധി" എന്ന് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

608. ഖണ്ഡം 12(5)-ൽ "റിവിഷൻ" എന്നതിന് ശേഷം "അപേക്ഷ" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

609. ഖണ്ഡം 12(6) ഒഴിവാക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

613. ഖണ്ഡം 12(6)-ൽ "പാസ്സാക്കാവുന്നതാണ്" എന്നതിന് പകരം "പുറപ്പെടുവിക്കാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 583-ാം നമ്പർ ഭേദഗതി 584 മുതൽ 588 വരെയുള്ള ഭേദഗതികൾക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 568, 590 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 569-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 570-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 572-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 583-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 589-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 597-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 606-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 608-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 609-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 613-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിമൂന്നാം വകുപ്പ്</u>

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

616. ഖണ്ഡം 13-ൽ "മറ്റ് രീതിയിൽ വ്യവസ്ഥ ചെയ്യാത്ത പക്ഷം" എന്നത് ഒഴിവാക്കുക

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

618. ഖണ്ഡം 13-ൽ "ചെയ്യാത്ത പക്ഷം" എന്നതിന് ശേഷം "അതത് കാലത്തെ" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

623. ഖണ്ഡം 13-ൽ "അങ്ങനെയുള്ള" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: 623-ാം നമ്പർ ഭേദഗതി 624 മുതൽ 627 വരെയുള്ള ഭേദഗതികൾക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 616-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 618-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 623-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനാലാം വകുപ്പ്</u>

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

629. ഖണ്ഡം 14(1)-ൽ “ രജിസ്റ്റർ” എന്നതിന് മുമ്പായി “ അംഗത്വ” എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

632. ഖണ്ഡം 14(1)(എ)-ൽ “ തൊഴിൽ” എന്നതിന് ശേഷം “ സർക്കാർ അംഗീകരിച്ച തിരിച്ചറിയൽ കാർഡിലെ നമ്പർ, മൊബൈൽ നമ്പർ” എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

638. ഖണ്ഡം 14(1)(ബി)-ൽ “ തീയതി” എന്നതിന് ശേഷം “ , ഒടുക്കിയ ഫീസ്;” എന്നത് ചേർക്കുക.

മി. സ്പീക്കർ: 632-ാം നമ്പർ ഭേദഗതി 633 മുതൽ 637 വരെയുള്ള ഭേദഗതികൾക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ.

രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 629-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 632-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 638-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

<u>ഡോ. എൻ ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

654. ഖണ്ഡം 15(1)-ൽ "മുൻ വർഷത്തെ" എന്നതിന് ശേഷമുള്ള "വാർഷിക" എന്നത് ഒഴിവാക്കുക.

666. ഖണ്ഡം 15(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ " ഒരു" എന്നത് ഒഴിവാക്കുക.

680. ഖണ്ഡം 15(2)-ൽ "റഗുലേഷനുകളിലും" എന്നതിന് ശേഷം "ബൈലോകളിലും " എന്ന് ചേർക്കുക.

683. ഖണ്ഡം 15(2)-ൽ "കുറഞ്ഞത്" എന്നതിന് ശേഷം "തെരഞ്ഞെടുക്കപ്പെട്ട " എന്ന് ചേർക്കുക.

686. ഖണ്ഡം 15(3)-ൽ "ഭരണസമിതിയുടെ" എന്നതിന് പകരം "ഭരണസമിതി" എന്ന് ചേർക്കുക.

689. ഖണ്ഡം 15(3)-ൽ "പട്ടികയും" എന്നതിന് മുമ്പിൽ "അംഗങ്ങളുടെ" എന്ന് ചേർക്കുക.

690. ഖണ്ഡം 15(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഭരണസമിതി" എന്നതിന് ശേഷം "അംഗങ്ങളുടെ" എന്ന് ചേർക്കുക.

697. ഖണ്ഡം 15(4)-ൽ "യോഗത്തിലെ" എന്നതിന് പകരം "ഭരണസമിതിയുടെ" എന്ന് ചേർക്കുക.

702. ഖണ്ഡം 15(5)-ൽ "വിളിക്കുന്നത്" എന്നതിന് പകരം "വിളിക്കേണ്ടത്" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

659. ഖണ്ഡം 15(1)-ൽ, "ആഡിറ്റ് റിപ്പോർട്ടും" എന്നതിന് ശേഷം " പൊതുയോഗത്തിന്റെ" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

673. ഖണ്ഡം 15(1)-ന്റെ ഒന്നാമത്തെ ക്ലിപ്തനിബന്ധനയിൽ "പ്രകാരമുള്ള" എന്നതിന് ശേഷം "നിശ്ചിത" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

678. ഖണ്ഡം 15(1)-ന്റെ ഒന്നാം ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക "എന്നാൽ, രജിസ്ട്രാറിന്, അപ്രകാരമുള്ള രേഖകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനായി ഭരണസമിതിക്ക് കഴിയാത്ത സാഹചര്യത്തിൽ, മതിയായ കാരണം

ബോധ്യപ്പെടുന്നപക്ഷം, വാർഷിക പൊതുയോഗം വിളിച്ചു ചേർക്കേണ്ട കാലയളവ് വീണ്ടും ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണ്;"

ശ്രീ. പി. ടി. എ. റഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

681. ഖണ്ഡം 15(2)-ൽ "റഗുലേഷനുകളിലും" എന്നതിന് ശേഷം "ബൈലോയിലും" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

682. ഖണ്ഡം 15(2)-ൽ "തിരഞ്ഞെടുപ്പ്" എന്നതിന് പകരം "തെരഞ്ഞെടുപ്പ്" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

696. ഖണ്ഡം 15(4)-ൽ "യോഗ നടപടിക്രമം" എന്നതിന് പകരം "യോഗനടപടിക്രമം" എന്ന് ചേർക്കുക.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

699. ഖണ്ഡം 15(5)-ൽ "പത്തിൽ ഒന്ന്" എന്നതിന് പകരം "പത്തിലൊന്നിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

701. ഖണ്ഡം 15(5)-ൽ "വിളിക്കുന്നത്" എന്നതിന് പകരം "വിളിക്കാനുദ്ദേശിക്കുന്നത്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 659-ാം നമ്പർ ഭേദഗതി 660 മുതൽ 664 വരെയുള്ള ഭേദഗതികൾക്കും 666-ാം നമ്പർ ഭേദഗതി 667-ാം നമ്പർ ഭേദഗതിക്കും 673-ാം നമ്പർ ഭേദഗതി 674 മുതൽ 677 വരെയുള്ള ഭേദഗതികൾക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 698-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

698. ഖണ്ഡം 15(4)-ൽ "ഒപ്പ്" എന്നതിന് പകരം "ഒപ്പ്" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 682-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 686, 689, 690 എന്നീ നമ്പർ ഭേദഗതികളും ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 696-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 654, 666, 680, 683, 697, 702 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 659-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 673-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 678-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 681-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച 699-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 701-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

706. ഖണ്ഡം 16-ൽ "വർഷത്തേക്കും" എന്നതിന് ശേഷം "ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

711. ഖണ്ഡം 16-ൽ "നൽകുന്നതിലൂടെ" എന്നതിന് പകരം "ഒടുക്കുന്നതിലൂടെ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

713. ഖണ്ഡം 16-ൽ "നൽകുന്നതിലൂടെ" എന്നതിന് പകരം "അടയ്ക്കുന്നതിലൂടെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 712-ാം നമ്പർ ഭേദഗതിയും പ്രൊഫ. അബിദ് ഹുസൈൻ തങ്ങളിന്റെ 714-ാം നമ്പർ ഭേദഗതിയും ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

712. ഖണ്ഡം 16-ൽ "നൽകുന്നതിലൂടെ" എന്നതിന് പകരം "ഒടുക്കുന്നതിലൂടെ" എന്ന് ചേർക്കുക.

714. ഖണ്ഡം 16-ൽ "ക്രമവൽക്കരിക്കാവുന്നതുമാണ്" എന്നതിന് പകരം "ക്രമവത്കരിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 711-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 706-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 713-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

717. ഖണ്ഡം 17-ൽ “ ഈ ആക്റ്റ് പ്രകാരം” എന്നത് ഒഴിവാക്കുക.

722. ഖണ്ഡം 17-ൽ “ സംവിധാനത്തിലൂടെ” എന്നതിന് പകരം “ സംവിധാനത്തിലൂടെയും” എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 717, 722 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനെട്ടാം വകുപ്പ്

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി

(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(3)-ാം ഉപഖണ്ഡത്തിൽ "ഒരു ലക്ഷം" എന്ന വാക്കുകൾക്ക് പകരം "രണ്ടു ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

723. ഖണ്ഡം 18(1)(എ)-ൽ "ചെലവാക്കിയതുമായ" എന്നതിന് പകരം "ചെലവാക്കിയതും നീക്കിയിരിപ്പുൾപ്പെടെയുള്ള" എന്ന് ചേർക്കുക.

730. ഖണ്ഡം 18(1)(ബി)-ൽ "വാങ്ങലും" എന്നതിന് ശേഷം "ഇടപാടുകളും" എന്ന് ചേർക്കുക.

749. ഖണ്ഡം 18(3)-ൽ "പ്രസ്താവന" എന്നതിന് ശേഷം "രജിസ്ട്രാർക്ക്" എന്ന് ചേർക്കുക.

763. ഖണ്ഡം 18(4)-ൽ "(2)" എന്നതിന് പകരം "(3)" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

725. ഖണ്ഡം 18(1)(എ)-ൽ "കാര്യങ്ങൾക്കായാണ്" എന്നതിന് പകരം "ഇനത്തിലാണ്" എന്ന് ചേർക്കുക.

757. ഖണ്ഡം 18(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഭരണസമിതിയംഗമല്ലാത്ത" എന്നത് ഒഴിവാക്കുക.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

727. ഖണ്ഡം 18(1)(എ)-ൽ "കാര്യങ്ങൾക്കായാണ്" എന്നതിന് പകരം "ഇനത്തിലാണ്" എന്ന് ചേർക്കുക.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

735. ഖണ്ഡം 18(2)-ൽ "ആയിരം" എന്നതിന് പകരം "നൂറ്" എന്ന് ചേർക്കുക.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

751. ഖണ്ഡം 18(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഒരു ലക്ഷം" എന്നതിന് പകരം "പത്ത് ലക്ഷം" എന്ന് ചേർക്കുക.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

752. ഖണ്ഡം 18(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഒരു ലക്ഷം" എന്നതിന് പകരം "അഞ്ച് ലക്ഷം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 726 മുതൽ 729 വരെയുള്ള ഭേദഗതികൾ 725-ാം നമ്പർ ഭേദഗതിക്കും 736 മുതൽ 740 വരെയുള്ള ഭേദഗതികൾ 735-ാം നമ്പർ ഭേദഗതിക്കും 753 മുതൽ 756 വരെയുള്ള ഭേദഗതികൾ 752-ാം നമ്പർ ഭേദഗതിക്കും 758 മുതൽ 761 വരെയുള്ള ഭേദഗതികൾ 757-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 763-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 723, 730, 749 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ അവതരിപ്പിച്ച 727-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 725, 757 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 735-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 751-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 752-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പത്തൊൻപതാം വകുപ്പ്</u>

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

765. ഖണ്ഡം 19-ൽ "ഭരണസമിതിയുടെ അംഗങ്ങളുടെ" എന്നതിന് പകരം "ഭരണസമിതി അംഗങ്ങളുടെ" എന്ന് ചേർക്കുക.

776. ഖണ്ഡം 19-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "സംഘത്തിനെ നേരിൽ" എന്നതിന് പകരം "സംഘത്തെ" എന്ന് ചേർക്കുക,

782. ഖണ്ഡം 19-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "പിരിച്ചുവിടുന്നപക്ഷം" എന്നതിന് ശേഷം "സർക്കാരിനെ

അറിയിക്കേണ്ടതും" എന്ന് ചേർക്കുക.

783. ഖണ്ഡം 19-ന്റെ വിശദീകരണത്തിൽ "ക്ലിപ്തനിബന്ധന പ്രകാരം" എന്നതിന് ശേഷം "രജിസ്ട്രാർ," എന്നത് ചേർക്കുക.

ശ്രീ. എം. മുകേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

767. ഖണ്ഡം 19-ൽ "ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ" എന്നതിന് പകരം "ആഡിറ്റ് ചെയ്ത" എന്ന് ചേർക്കുക.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

774. ഖണ്ഡം 19-ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "മാപ്പാക്കുന്നതിനുള്ള ആവശ്യത്തിലേയ്ക്കായും രേഖകൾ ഫയൽ ചെയ്യുന്നതിനുള്ള അനുമതിക്കായും" എന്നതിന് പകരം "മാപ്പാക്കി രേഖകൾ ഫയൽ ചെയ്യുന്നതിനായി" എന്ന് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

781. ഖണ്ഡം 19-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പിരിച്ചുവിടുന്നപക്ഷം" എന്നതിന് പകരം "രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നപക്ഷം" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

784. ഖണ്ഡം 19-ന്റെ വിശദീകരണത്തിൽ "കണക്കാക്കപ്പെടുന്നതാണ്" എന്നതിന് പകരം "കരുതപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 764-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. 785-ാം നമ്പർ ഭേദഗതി 784-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 765-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 781-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

781. ഖണ്ഡം 19-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "സംഘം പിരിച്ചുവിടുന്നപക്ഷം" എന്ന വാക്കുകൾക്കു പകരം

"രജിസ്ട്രേഷൻ റദ്ദാക്കുന്നപക്ഷം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 776, 782, 783 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. മുകേഷ് അവതരിപ്പിച്ച 767-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 774-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 784-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

786. ഖണ്ഡം 20-ൽ "റഗുലേഷനും" എന്നതിന് പകരം "റഗുലേഷനുകളും ബൈലോകളും" എന്ന് ചേർക്കുക.ർ

790. ഖണ്ഡം 20-ൽ "ഭാരവാഹിയുടെ" എന്നതിന് പകരം "ഭാരവാഹി എന്നിവരുടെ" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

792. ഖണ്ഡം 20-ൽ "ചെയ്യേണ്ടതും" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: 793 മുതൽ 797 വരെയുള്ള ഭേദഗതികൾ 792-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട

മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 786, 790 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 792-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ്

ഡോ. എൻ ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

799. ഖണ്ഡം 21-ൽ "ഒരു വ്യവഹാരമോ നടപടിയോ," എന്നതിന് ശേഷം "സംഘം ഭരണസമിതി ഉപശമിപ്പിക്കുന്നതിന് തീരുമാനിക്കാത്ത പക്ഷം" എന്ന് ചേർക്കുക.

806. ഖണ്ഡം 21-ൽ, "പിൻഗാമിയുടെ പേർക്ക്" എന്നതിന് പകരം "പിൻഗാമിയുടെ പേർക്കോ അല്ലെങ്കിൽ സംഘം ഭരണസമിതി തീരുമാനിക്കുന്ന പ്രകാരമോ"എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

800. ഖണ്ഡം 21-ൽ "ഉപശമിക്കുകയില്ലാത്തതും" എന്നതിന് പകരം "അവസാനിക്കുന്നതല്ലാത്തതും" എന്ന് ചേർക്കുക

മി. സ്പീക്കർ: 798-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 799, 806 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 800-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

809. ഖണ്ഡം 22(1)-ൽ " സ്ഥാവര-ജംഗമ" എന്നതിന് മുമ്പായി " വ്യക്തിഗത" എന്ന് ചേർക്കുക.

<u>ശ്രീ. എം. മുകേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

810. ഖണ്ഡം 22(1)-ൽ "നടത്താൻ" എന്നതിന് പകരം "നടപ്പാക്കാൻ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

811. ഖണ്ഡം 22(1)-ൽ "വസ്തുവിനെതിരെ" എന്നതിന് പകരം "സ്ഥാവര-ജംഗമ വസ്തുക്കൾക്കെതിരെ" എന്ന് ചേർക്കുക.

814. ഖണ്ഡം 22(2)-ൽ "സംഘത്തിന്റെ" എന്നതിന് ശേഷം "സ്ഥാവര- ജംഗമ" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

812. ഖണ്ഡം 22(1)-ൽ "വസ്തുവിനെതിരെ" എന്നതിന് പകരം "ആസ്തികൾക്കെതിരെ" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

813. ഖണ്ഡം 22(1)-ൽ "നടത്തേണ്ടതുമാണ്" എന്നതിന് പകരം "നടപ്പാക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

815. ഖണ്ഡം 22(2)-ൽ " വസ്തുക്കൾക്കെതിരായി" എന്നതിന് പകരം " വസ്തുക്കളിന്മേൽ" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

816. ഖണ്ഡം 22(2)-ൽ " വസ്തുക്കൾക്കെതിരായി" എന്നതിന് പകരം " ആസ്തികളിന്മേൽ" എന്ന് ചേർക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

817. ഖണ്ഡം 22(2)-ൽ " വസ്തുക്കൾക്കെതിരായി" എന്നതിന് പകരം " ആസ്തികൾക്കെതിരായി" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 809-ാം നമ്പർ ഭേദഗതി

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. മുകേഷ് അവതരിപ്പിച്ച 810-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 811, 814 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 812-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 813-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 815-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 816-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 817-ാം നമ്പർ

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

820. ഖണ്ഡം 23-ൽ " ഏതെങ്കിലും ചട്ടമോ" എന്നതിന് ശേഷം " റഗുലേഷനോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 818-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 820-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ്

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

823. ഖണ്ഡം 24-ൽ "വസ്തുക്കൾ ഏതെങ്കിലും" എന്നതിന് പകരം "ആസ്തികൾ ഏതെങ്കിലും” എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

825. ഖണ്ഡം 24-ൽ "വസ്തുക്കൾ കേടുവരുത്തുകയോ" എന്നതിന് പകരം "ആസ്തികൾക്ക് കേടുവരുത്തുകയോ" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

827. ഖണ്ഡം 24-ൽ "നഷ്ടത്തിന്" എന്നതിന് പകരം "കഷ്ടനഷ്ടങ്ങൾക്ക്" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

829. ഖണ്ഡം 24-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നാൽ അങ്ങനെയുള്ള അംഗത്തിന് പറയുവാനുള്ളത് പറയുന്നതിന് അവസരം നൽകിയ ശേഷം നടപടി സ്വീകരിക്കേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പ്രൊഫ. ആബിദ് ഹുസൈൻ

തങ്ങളിന്റെ 826-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

826. ഖണ്ഡം 24-ൽ "ഇതിനു മുൻപായി" എന്നതിന് പകരം "ഈ ആക്റ്റിൽ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 823-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 825-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 827-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 829-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയഞ്ചാം വകുപ്പ്</u>

<u>ശ്രീ. എം. എം. മണി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

830. ഖണ്ഡം 25-ൽ "ഏതെങ്കിലും" എന്നതിന് ശേഷം "ആസ്തിയോ" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

834. ഖണ്ഡം 25-ൽ "വസ്തുവിനെ" എന്നതിന് പകരം "വസ്തുക്കൾ" എന്ന് ചേർക്കുക.

835. ഖണ്ഡം 25-ൽ "നിർമ്മിക്കുകയോ" എന്നതിന് ശേഷം "നിർമ്മിക്കുന്നതിന് സഹായിക്കുകയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 830-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 834, 835 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ്

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(2)-ാം ഉപഖണ്ഡത്തിൽ "തപാൽ മുഖേന" എന്ന വാക്കുകൾക്ക് പകരം "തപാൽ മുഖേനയോ ഇലക്ട്രോണിക് മോഡിലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

837. ഖണ്ഡം 26(1)-ൽ "ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്നതിന് പകരം "നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസരിച്ച്" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

844. ഖണ്ഡം 26(1)-ൽ " കുറയ്ക്കണമെന്നോ" എന്നതിന് പകരം " ചുരുക്കണമെന്നോ" എന്ന് ചേർക്കുക.

860. ഖണ്ഡം 26(2)-ൽ "പകരം ആളിനെ ചുമതലപ്പെടുത്തിയിട്ടുള്ള പക്ഷം അവരുൾപ്പെടെയുള്ള" എന്നത് ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

849. ഖണ്ഡം 26(1)-ൽ " മറ്റേതെങ്കിലും" എന്നതിന് ശേഷം " സംഘം ഏറ്റെടുക്കണമെന്നോ അല്ലെങ്കിൽ" എന്ന് ചേർക്കുക.

850. ഖണ്ഡം 26(1)-ൽ " വഴി" എന്നത് ഒഴിവാക്കുക.

851. ഖണ്ഡം 26(1)-ൽ " റഗുലേഷനുകളും" എന്നതിന് ശേഷം " ബൈലോകളും" എന്ന് ചേർക്കുക.

854. ഖണ്ഡം 26(2)-ൽ "നോട്ടീസായി" എന്നതിന് ശേഷം "നേരിട്ട്" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

852. ഖണ്ഡം 26(1)-ൽ " റഗുലേഷനുകളും" എന്നതിന് ശേഷം " ബൈലോയും" എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

855. ഖണ്ഡം 26(2)-ൽ "തപാൽ മുഖേന" എന്നതിന് പകരം "രജിസ്റ്റേഡ് തപാൽ വഴി" എന്ന് ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

861. ഖണ്ഡം 26(2)-ൽ "വോട്ടിന്റെ കേവല" എന്നതിന് പകരം "മൂന്നിൽ രണ്ട്" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

863. ഖണ്ഡം 26(2)-ൽ "അംഗീകരിക്കപ്പെടുന്നതല്ല" എന്നതിന് പകരം "നിലനിൽക്കുന്നതല്ല" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

864. ഖണ്ഡം 26(3) ആയി ചുവടെപ്പറയുന്നത് ചേർക്കുക:
"(3) (2)-ാം ഉപവകുപ്പ് പ്രകാരം പാസ്സായ ഏതൊരു നിർദ്ദേശവും, അത് സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഒരു റിപ്പോർട്ട് സംഘം ഭരണസമിതിയോ ഭരണസമിതികളോ രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതും

ഇതു സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഈ നിർദ്ദേശം രജിസ്ട്രാർ പരിശോധിക്കേണ്ടതും ഭരണസമിതിയുടെയോ സമിതികളുടെയോ തീരുമാനം അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്നപക്ഷം അതതു സംഗതി പോലെ സംയോജനത്തിനോ വിപുലീകരണത്തിനോ പ്രവർത്തനം ചുരുക്കുന്നതിനോ ഒരു ഉത്തരവ് മുഖേന അനുമതി നൽകാവുന്നതുമാണ്"

മി. സ്പീക്കർ: 838-ാം നമ്പർ ഭേദഗതി 837-ാം നമ്പർ ഭേദഗതിക്കും 856-ാം നമ്പർ ഭേദഗതി 855-ാം നമ്പർ ഭേദഗതിക്കും 859-ാം നമ്പർ ഭേദഗതി 860-ാം നമ്പർ ഭേദഗതിക്കും 862-ാം നമ്പർ ഭേദഗതി 861-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി

(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 850-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 837-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 844, 860 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 849, 851, 854 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 852-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 855-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 861-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 863-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 864-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ്

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

866. ഖണ്ഡം 27(1)-ൽ "സർക്കാരിനോ, രജിസ്ട്രാർക്കോ" എന്ന് വരുന്നിടത്തെല്ലാം പകരം "സർക്കാരിനും, ബന്ധപ്പെട്ട രജിസ്ട്രാർക്കും" എന്ന് ചേർക്കുക.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

872. ഖണ്ഡം 27(I)-ൽ "ഏതൊരു കാലയളവിലേയ്ക്കും ഉള്ള" എന്നതിന് പകരം "അതത് കാലയളവിലേയ്ക്കുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

874. ഖണ്ഡം 27(I)-ൽ "മറ്റ് പുസ്തകങ്ങളും" എന്നതിന് ശേഷം "സൂക്ഷ്മമായി" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

879. ഖണ്ഡം 27(1)-ൽ "റിപ്പോർട്ടായി" എന്നതിന് ശേഷം "അതാത് സംഗതി പോലെ" എന്ന് ചേർക്കുക.

881. ഖണ്ഡം 27(1)-ൽ "കെട്ടിടത്തിലും" എന്നതിന് ശേഷം "പ്രവർത്തി സമയങ്ങളിൽ" എന്ന് ചേർക്കുക.

889. ഖണ്ഡം 27(1)-ൽ "നൽക്കേണ്ടതും" എന്നതിന് പകരം "നൽകേണ്ടതും" എന്ന് ചേർക്കുക.

890. ഖണ്ഡം 27(1)-ൽ "എല്ലാ പുസ്തകങ്ങളും" എന്നതിന് പകരം "എല്ലാ കണക്കുകളും മറ്റ് പുസ്തകങ്ങളും" എന്ന് ചേർക്കുക.

905. ഖണ്ഡം 27(3)-ൽ "കരുതുന്ന" എന്നതിന് ശേഷം "അത്തരം" എന്ന് ചേർക്കുക.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

882. ഖണ്ഡം 27(1)-ൽ "വിവരങ്ങളും" എന്നതിന് ശേഷം "രേഖകളും" എന്ന് ചേർക്കുക.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

891. ഖണ്ഡം 27(2)-ൽ "എല്ലാ പുസ്തകങ്ങളും" എന്നതിന് ശേഷം "ആവശ്യപ്പെട്ട രേഖകളും" എന്ന് ചേർക്കുക.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

892. ഖണ്ഡം 27(2)-ൽ "ഉദ്യോഗസ്ഥന് വിശ്വസിക്കുവാൻ മതിയായ കാരണമുള്ളപക്ഷം" എന്നതിന് പകരം "ഉദ്യോഗസ്ഥന് ബോധ്യമാകുന്നപക്ഷം" എന്ന് ചേർക്കുക.

895. ഖണ്ഡം 27(2)-ൽ "ഉദ്യോഗസ്ഥന് വിശ്വസിക്കുവാൻ മതിയായ കാരണമുള്ളപക്ഷം" എന്നതിന് പകരം "ഉദ്യോഗസ്ഥന് സംശയരഹിതമായി ബോധ്യപ്പെടുന്നപക്ഷം" എന്ന് ചേർക്കുക.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

896. ഖണ്ഡം 27(2)-ൽ "ഉദ്യോഗസ്ഥന് വിശ്വസിക്കുവാൻ മതിയായ കാരണമുള്ളപക്ഷം" എന്നതിന് പകരം "ഉദ്യോഗസ്ഥന് പ്രഥമ ദൃഷ്ടിയാൽ ബോധ്യപ്പെടുന്നപക്ഷം" എന്ന് ചേർക്കുക.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

902. ഖണ്ഡം 27(2)-ൽ "ഏതൊരു" എന്നതിന് മുമ്പിൽ "രജിസ്ട്രാറുടെ അനുമതിയോടെ" എന്ന് ചേർക്കുക.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

903. ഖണ്ഡം 27(2)-ൽ "പിടിച്ചെടുക്കുകയോ" എന്നതിന് പകരം "കൈവശം സൂക്ഷിക്കാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 865-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. 867-ാം നമ്പർ ഭേദഗതി 866-ാം നമ്പർ ഭേദഗതിക്കും 873-ാം നമ്പർ ഭേദഗതി 872-ാം നമ്പർ ഭേദഗതിക്കും 875 മുതൽ 878 വരെയുള്ള ഭേദഗതികൾ 874-ാം നമ്പർ ഭേദഗതിക്കും 883 മുതൽ 887 വരെയുള്ള ഭേദഗതികൾ 882-ാം നമ്പർ ഭേദഗതിക്കും 888-ാം നമ്പർ ഭേദഗതി 889-ാം നമ്പർ ഭേദഗതിക്കും 893-ാം നമ്പർ ഭേദഗതി 892-ാം നമ്പർ ഭേദഗതിക്കും 894-ാം നമ്പർ ഭേദഗതി 895-ാം നമ്പർ ഭേദഗതിക്കും 897-ാം നമ്പർ ഭേദഗതി 896-ാം നമ്പർ ഭേദഗതിക്കും 904-ാം നമ്പർ ഭേദഗതി 903-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി

(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 881-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

881. ഖണ്ഡം 27(1)-ൽ "കെട്ടിടത്തിലും" എന്നതിന് ശേഷം "പ്രവൃത്തി സമയങ്ങളിൽ" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 866-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 872-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 874-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 879, 889, 890, 905 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 882-ാം നമ്പർ ഭേദഗതി

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 891-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 892, 895 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 896-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 902-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 903-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ്

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

907. ഖണ്ഡം 28-ന്റെ മാർജിനൽ ശീർഷകത്തിൽ
" അനുസരണക്കേടിന്" എന്നത് ഒഴിവാക്കുക.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

908. ഖണ്ഡം 28-ന്റെ മാർജിനൽ ശീർഷകം താഴെ പറയും പ്രകാരം മാറ്റുക. " 28 സംഘത്തിന്റെ ഭരണസമിതിയിലെ അംഗത്തിനെയോ ജീവനക്കാരനെയോ കൃത്യവിലോപത്തിന് ശിക്ഷിക്കുന്നതിനുള്ള അധികാരം.-"

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

909. ഖണ്ഡം 28(1)-ൽ “ ഒരു” എന്നത് ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

910. ഖണ്ഡം 28(1)-ൽ “ അംഗത്തിനോ ജീവനക്കാരനോ” എന്നതിന് ശേഷം “ എതിരെ” എന്ന് ചേർക്കുക.

914. ഖണ്ഡം 28(1)-ൽ "നൽകാതിരിക്കുന്ന" എന്നതിന് ശേഷം "അങ്ങനെയുള്ള" എന്ന് ചേർക്കുക.

915. ഖണ്ഡം 28(1)-ൽ "ജീവനക്കാരനേയോ" എന്നതിന് ശേഷം "അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയ ശേഷം" എന്ന് ചേർക്കുക.

920. ഖണ്ഡം 28(1)-ൽ "ഈ വകുപ്പ് പ്രകാരം" എന്നതിന് ശേഷം "നിർണ്ണയിക്കാവുന്ന" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

912. ഖണ്ഡം 28(1)-ൽ “ ആയിരം രൂപയിൽ അധികരിക്കാത്ത” എന്നതിന് പകരം “ നിശ്ചിത” എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

922. ഖണ്ഡം 28 (2)-ൽ "ഭരണസമിതിയംഗമായി" എന്നതിന് പകരം "ഭരണസമിതിയംഗമായോ ജീവനക്കാരനായോ" എന്ന് ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

923. ഖണ്ഡം 28(2)-ൽ "ഭരണസമിതിയംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ" എന്നതിന് പകരം "നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ തെരഞ്ഞെടുക്കപ്പെടുന്നതിനോ " എന്ന് ചേർക്കുക.

മി. സ്പീക്കർ: 906-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 913-ാം നമ്പർ ഭേദഗതി 912-ാം നമ്പർ ഭേദഗതിക്കും 924-ാം നമ്പർ ഭേദഗതി 923-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളിന്റെ 921-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി

അവതരിപ്പിക്കുന്നു.

921. ഖണ്ഡം 28(2)-ൽ "ഭരണസമിതിയംഗമായി" എന്നതിന് മുമ്പിൽ "ഏതൊരു സംഘത്തിലേയ്ക്കും" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 907-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 908-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 909-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 910, 914, 915, 920 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 912-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 922-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 923-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയൊൻപതാം വകുപ്പ്</u>

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി

(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

നിലവിലുള്ള വകുപ്പിനെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:- "(2) ഏതെങ്കിലും സാഹചര്യത്തിൽ അംഗങ്ങളുടെ എണ്ണം 4-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള എണ്ണത്തേക്കാൾ കുറവുണ്ടാകുന്നപക്ഷം ആയത് സംഘത്തിന്റെ മെമ്മോറാണ്ടവും റഗുലേഷനുകളും പ്രകാരം ആറ് മാസത്തിനുള്ളിൽ നികത്തേണ്ടതും ആയത് ഉടൻതന്നെ രജിസ്ട്രാറെ അറിയിക്കേണ്ടതുമാണ്."

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

932. ഖണ്ഡം 29-ന്റെ മാർജിനൽ ശീർഷകത്തിൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോയും"എന്ന് ചേർക്കുക.

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

933. ഖണ്ഡം 29-ൽ "ചട്ടങ്ങളും റഗുലേഷനുകളും പ്രകാരം"

എന്നതിന് പകരം "നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരം ആറുമാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

935. ഖണ്ഡം 29-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോകളും" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

936. ഖണ്ഡം 29-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോയും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 931-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 934-ാം നമ്പർ ഭേദഗതി 933-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഔദ്യോഗിക ഭേദഗതി

അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 932-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 933-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 935-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 936-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പതാം വകുപ്പ്

ശ്രീ. ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

937. ഖണ്ഡം 30-ൽ "സംഘത്തിന്റെയും" എന്നതിന് ശേഷം "വോട്ട് ചെയ്യുന്നതിന് യോഗ്യതയുള്ള" എന്ന് ചേർക്കുക.

938. ഖണ്ഡം 30-ൽ "ഉടൻതന്നെയോ" എന്നതിന് ശേഷം "പൊതുയോഗം" എന്ന് ചേർക്കുക.

943. ഖണ്ഡം 30-ൽ "സഹിതം" എന്നതിന് ശേഷം "അപ്രകാരമുള്ള നടപടി സ്വീകരിച്ച ശേഷം" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

940. ഖണ്ഡം 30-ൽ "ബാദ്ധ്യതകൾ കഴിച്ചുള്ള വസ്തുവകകൾ" എന്നതിന്

പകരം "ആസ്തി - ബാദ്ധ്യതകൾ" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

942. ഖണ്ഡം 30-ൽ "വസ്തുവകകൾ" എന്നതിന് പകരം "ആസ്തികൾ" എന്ന് ചേർക്കുക.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

953. ഖണ്ഡം 30-ന്റെ മൂന്നാം ക്ലിപ്ത നിബന്ധനയിൽ "സംഘത്തിൽ" എന്നതിന് ശേഷം "ഭരണകാര്യങ്ങളിൽ സർക്കാരിന് നേരിട്ട് നിയന്ത്രണമുണ്ടാകുകയോ" എന്ന് ചേർക്കുക.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

954. ഖണ്ഡം 30-ന്റെ മൂന്നാം ക്ലിപ്ത നിബന്ധനയിൽ "അവകാശമുണ്ടായിരിക്കുകയോ" എന്നതിന് ശേഷം "നിയന്ത്രണമുണ്ടായിരിക്കുകയോ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 941-ാം നമ്പർ ഭേദഗതി 940-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി

ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 937, 938, 943 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 940-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 942-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച 953-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 954-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിയൊന്നാം വകുപ്പ്</u>

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

956. ഖണ്ഡം 31(1)-ൽ "ഉഭയസമ്മതപ്രകാരം" എന്നതിന് മുമ്പിൽ "സർക്കാരും സംഘവും" എന്ന് ചേർക്കുക.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

958. ഖണ്ഡം 31(1)-ൽ "ആവശ്യങ്ങൾക്കായി" എന്നതിന് പകരം "ഉദ്ദേശ്യങ്ങൾക്കായി" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

961. ഖണ്ഡം 31(2)-ൽ "ഏതെങ്കിലും സംഘം" എന്നതിന് ശേഷം "പിരിച്ചുവിടപ്പെടുമ്പോൾ" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

962. ഖണ്ഡം 31(2)-ൽ "ബാദ്ധ്യതകളും" എന്നതിന് പകരം "ബാധ്യതകളും" എന്ന് ചേർക്കുക.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

964. ഖണ്ഡം 31(2)-ൽ "ആദ്യാധികാരിതയുള്ള" എന്നതിന് പകരം "അധികാരിതയുള്ള" എന്ന് ചേർക്കുക.

മി. സ്പീക്കർ: 957-ാം നമ്പർ ഭേദഗതി 956-ാം നമ്പർ ഭേദഗതിക്കും 959-ാം നമ്പർ ഭേദഗതി 958-ാം നമ്പർ ഭേദഗതിക്കും 963-ാം നമ്പർ ഭേദഗതി 962-ാം നമ്പർ ഭേദഗതിക്കും 965-ാം നമ്പർ ഭേദഗതി 964-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ശ്രീ. എം. വിജിൻ അവതരിപ്പിച്ച 962-ാം

നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 956-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 958-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 961-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 964-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിരണ്ടാം വകുപ്പ്</u>

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

966. ഖണ്ഡം 32(1)-ൽ " അംഗങ്ങളിൽ" എന്നതിന് ശേഷം " വോട്ട് ചെയ്യുന്നതിന് യോഗ്യതയുള്ളവരിൽ" എന്ന് ചേർക്കുക.

967. ഖണ്ഡം 32(1)-ൽ " സംഘത്തിൽ" എന്നതിന് പകരം " സംഘത്തിന്" എന്ന് ചേർക്കുക.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

969. ഖണ്ഡം 32(2)-ൽ " അപേക്ഷ" എന്നതിന് ശേഷം " സംഘത്തിലെ" എന്ന് ചേർക്കുക.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

971. ഖണ്ഡം 32(2)-ൽ " അപേക്ഷകൻ" എന്നതിന് പകരം " അപേക്ഷകർ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 970-ാം നമ്പർ ഭേദഗതി 969-ാം നമ്പർ ഭേദഗതിക്കും 972-ാം നമ്പർ ഭേദഗതി 971-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 966, 967 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 969-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 971-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തി മൂന്നാം വകുപ്പ്</u>

<u>ശ്രീ. എ. രാജ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

973. ഖണ്ഡം 33-ൽ "ആക്റ്റിൻ കീഴിൽ" എന്നതിന് പകരം
"ആക്റ്റിനോ നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് കീഴിലോ"
എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 974-ാം നമ്പർ ഭേദഗതി 973-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. എ. രാജ അവതരിപ്പിച്ച 973-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

മുപ്പത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

985. ഖണ്ഡം 34(3)-ൽ "രജിസ്ട്രാർ" എന്ന് വരുന്നിടത്തെല്ലാം
അതിന് ശേഷം ",” എന്ന ചിഹ്നം ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

990. ഖണ്ഡം 34(3)-ൽ "രണ്ടിൽ" എന്നതിന് പകരം "സംഘം

നിലവിൽ പ്രവർത്തിക്കുന്ന മേൽവിലാസത്തിലും അഞ്ചിൽ"
എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

995. ഖണ്ഡം 34(4)-ൽ "മൂന്ന് മാസം" എന്നതിന് പകരം
"ആറുമാസം" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1001. ഖണ്ഡം 34(4)-ൽ "മറിച്ച്" എന്നതിന് പകരം "സംഘത്തിന്റെ
ഭാരവാഹികൾ പേര് നീക്കം ചെയ്യുന്നതിനെതിരെ" എന്ന്
ചേർക്കുക.

മി. സ്പീക്കർ: 991-ാം നമ്പർ ഭേദഗതി 990-ാം നമ്പർ ഭേദഗതിക്കും 996-ാം നമ്പർ ഭേദഗതി 995-ാം നമ്പർ ഭേദഗതിക്കും 1002-ാം നമ്പർ ഭേദഗതി 1001-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 985-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 990-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 995-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 1001-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിയഞ്ചാം വകുപ്പ്</u>

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1003. ഖണ്ഡം 35(1)-ൽ "മൂന്നിൽ ഒന്ന്" എന്നതിന് പകരം "മൂന്നിലൊന്നിൽ കുറയാത്ത" എന്ന് ചേർക്കുക.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1014. ഖണ്ഡം 35(2)(ii)-ൽ "പ്രതിജ്ഞ" എന്നതിന് പകരം "സത്യപ്രസ്താവന" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1018. ഖണ്ഡം 35(2)(iii)-ൽ "റെഗുലേഷനിലോ" എന്നതിന് പകരം "റഗുലേഷനിലോ" എന്ന് ചേർക്കുക.

1036. ഖണ്ഡം 35(3)-ൽ "റഗുലേഷനുകളും" എന്ന് വരുന്നിടത്തെല്ലാം അതിനുശേഷം "ബൈലോയും" എന്ന് ചേർക്കുക.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

1020. ഖണ്ഡം 35(2)(iii)-ൽ "റെഗുലേഷനിലോ" എന്നതിന് പകരം "റഗുലേഷനിലോ ബൈലോയിലോ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1027. ഖണ്ഡം 35(2)(iii)-ൽ "പൊതുയോഗം" എന്നതിന് മുമ്പിൽ "പ്രത്യേക" എന്ന് ചേർക്കുക.

1037. ഖണ്ഡം 35(3)-ൽ "റഗുലേഷനുകളും" എന്ന് വരുന്നിടത്തെല്ലാം അതിന് ശേഷം "ബൈലോകളും" എന്ന് ചേർക്കുക.

1038. ഖണ്ഡം 35(4)-ൽ "റിപ്പോർട്ട് " എന്നതിന് മുമ്പായി "രേഖാമൂലമുള്ള" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1029. ഖണ്ഡം 35(3)-ൽ "(2)-ാം " എന്നതിന് പകരം "(1)-ാം " എന്ന് ചേർക്കുക.

ശ്രീ. വി. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1033. ഖണ്ഡം 35(3)-ൽ "പരാമർശിക്കപ്പെടുന്നയാൾക്കോ"

എന്നതിന് പകരം "പരാമർശിക്കപ്പെടുന്ന ഉദ്യോഗസ്ഥനോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1004-ാം നമ്പർ ഭേദഗതി 1003-ാം നമ്പർ ഭേദഗതിക്കും 1015-ാം നമ്പർ ഭേദഗതി 1014-ാം നമ്പർ ഭേദഗതിക്കും 1019-ാം നമ്പർ ഭേദഗതി 1018-ാം നമ്പർ ഭേദഗതിക്കും 1021, 1022 എന്നീ നമ്പർ ഭേദഗതികൾ 1020-ാം നമ്പർ ഭേദഗതിക്കും 1030-ാം നമ്പർ ഭേദഗതി 1029-ാം നമ്പർ ഭേദഗതിക്കും 1034-ാം നമ്പർ ഭേദഗതി 1033-ാം നമ്പർ ഭേദഗതിക്കും 1035-ാം നമ്പർ ഭേദഗതി 1036-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 1018-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 1003-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 1014-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 1036-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 1020-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1027, 1037, 1038 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 1029-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 1033-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ......................

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിയാറാം വകുപ്പ്</u>

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1039. ഖണ്ഡം 36-ൽ "സംഘത്തിന്റെ" എന്നതിന് പകരം "സംഘം" എന്ന് ചേർക്കുക.

1040. ഖണ്ഡം 36(ii)-ൽ "അന്വേഷണം" എന്നതിന് മുമ്പിൽ "സംഘത്തിന്റെ പ്രവർത്തനം സംബന്ധിച്ച് " എന്ന് ചേർക്കുക.

1054. ഖണ്ഡം 36 (iv)-ൽ "റിപ്പോർട്ട്" എന്നതിന് ശേഷം
"രജിസ്ട്രാർക്ക്" എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1048. ഖണ്ഡം 36 (iii)-ൽ "പ്രതിജ്ഞ" എന്നതിന് പകരം
"സത്യപ്രസ്താവന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1049-ാം നമ്പർ ഭേദഗതി 1048-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1039-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1040, 1054 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 1048-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1059. ഖണ്ഡം 37(1)-ൽ "ന്യായമെന്ന് തോന്നുന്ന" എന്നതിന് പകരം ", നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. വി. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1066.ഖണ്ഡം 37(3)-ൽ "യാതൊരാൾക്കും" എന്നതിന് പകരം "ഏതൊരാൾക്കും" എന്ന് ചേർക്കുക.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1068. ഖണ്ഡം 37(3)-ൽ "റിവിഷൻ" എന്നതിന് പകരം "അപേക്ഷ" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1069. ഖണ്ഡം 37(3)-ൽ "റിവിഷൻ" എന്നതിന് ശേഷം "അപേക്ഷ" എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1070. ഖണ്ഡം 37(4)-ൽ "റിവിഷനിലോ" എന്നതിന് പകരം "റിവിഷൻ അപേക്ഷയിലോ" എന്ന് ചേർക്കുക.

1072. ഖണ്ഡം 37(5)-ൽ "കുടിശ്ശികയെന്നപോലെ" എന്നതിന് ശേഷം

"കുറ്റക്കാരനിൽ നിന്നും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1060, 1061 എന്നീ നമ്പർ ഭേദഗതികൾ 1059-ാം നമ്പർ ഭേദഗതിക്കും 1067-ാം നമ്പർ ഭേദഗതി 1066-ാം നമ്പർ ഭേദഗതിക്കും 1071-ാം നമ്പർ ഭേദഗതി 1070-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. വി. ജോയി അവതരിപ്പിച്ച 1066-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1059-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 1068-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 1069-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 1070, 1072 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിയെട്ടാം വകുപ്പ്</u>

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക

ഭേദഗതി അവതരിപ്പിക്കുന്നു.

(1)-ാം ഉപഖണ്ഡത്തിൽ "അതിന്റെ നിയന്ത്രണത്തിലുള്ള പ്രദേശത്ത് ഏതെങ്കിലും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(ii) " 36-ാം വകുപ്പിന്റെ (ii)-ാം ഇനത്തിൽ" എന്നതിന് പകരം "36-ാം വകുപ്പിൽ" എന്ന് ചേർക്കേണ്ടതാണ്.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1073. ഖണ്ഡം 38(1)-ൽ "നിയന്ത്രണത്തിലുള്ള" എന്നതിന് പകരം "പ്രവർത്തന പരിധി" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1075. ഖണ്ഡം 38(1)-ൽ "മറ്റൊരു ഉദ്യോഗസ്ഥനെ" എന്നതിന് മുമ്പായി "സബ് രജിസ്ട്രാറുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1080. ഖണ്ഡം 38(2)-ൽ "ശേഷം രേഖാമൂലമുള്ള" എന്നതിനു മുമ്പായി "വിശദീകരണം തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1082. ഖണ്ഡം 38(3)-ൽ "അപ്പീൽ" എന്നതിനു മുമ്പായി "സംഘങ്ങളുടെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1076-ാം നമ്പർ ഭേദഗതി 1075-ാം നമ്പർ ഭേദഗതിക്കും 1081-ാം നമ്പർ ഭേദഗതി 1080-ാം നമ്പർ ഭേദഗതിക്കും 1083-ാം നമ്പർ ഭേദഗതി 1082-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 1075-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1073-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 1080-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 1082-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ

ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1088. ഖണ്ഡം 39(1)(എ)-ൽ "ഏതെങ്കിലും സംഘത്തിന്" എന്നതിന് മുമ്പിൽ "ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ" എന്ന് ചേർക്കുക.

1108. ഖണ്ഡം 39(2)-ൽ "ഫണ്ടിൽ" എന്നതിന് പകരം "നിധിയിൽ" എന്ന് ചേർക്കുക.

1122. ഖണ്ഡം 39(4)-ൽ "തെരഞ്ഞെടുക്കപ്പെടുന്ന" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

1123. ഖണ്ഡം 39(5)-ൽ "ആവശ്യമാണെന്ന" എന്നതിന് പകരം "ആവശ്യമാണെന്ന്" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1089. ഖണ്ഡം 39(1)(എ)-ൽ "നടത്താതിരിക്കുകയോ " എന്നത് ഒഴിവാക്കുക.

1115. ഖണ്ഡം 39(3)-ൽ "റെഗുലേഷനുകളും" എന്നതിന് പകരം

"റഗുലേഷനുകളും" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1091. ഖണ്ഡം 39(1)(സി)-ൽ "സർക്കാരിന് " എന്നതിന് പകരം "സർക്കാർ " എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1093. ഖണ്ഡം 39(1)(സി)-ൽ "ചെയ്യുന്നപക്ഷമോ" എന്നതിന് ശേഷം "; " എന്ന ചിഹ്നം ചേർക്കുക.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1100. ഖണ്ഡം 39(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ
" ബോർഡിൽ/ വെബ്സൈറ്റിൽ" എന്നതിന് പകരം
" ബോർഡിലോ വെബ്സൈറ്റിലോ" എന്ന് ചേർക്കുക.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1102. ഖണ്ഡം 39(1)ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ
"പൊതുജനതാല്പര്യാർത്ഥം" എന്നതിന് പകരം
"പൊതുജനതാൽപ്പര്യാർത്ഥം" എന്ന് ചേർക്കുക.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1109. ഖണ്ഡം 39(2)ന്റെ ക്ലിപ്തനിബന്ധനയിൽ "പൊതുതാല്പര്യം" എന്നതിന് പകരം "പൊതുതാൽപ്പര്യം" എന്ന് ചേർക്കുക.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1111. ഖണ്ഡം 39(2)ന്റെ ക്ലിപ്തനിബന്ധനയിൽ "കാരണത്താൽ" എന്നതിന് പകരം "കാരണങ്ങളാൽ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1113. ഖണ്ഡം 39(2)ന്റെ ക്ലിപ്തനിബന്ധനയിൽ "നിന്നും" എന്നത് ഒഴിവാക്കുക.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1117. ഖണ്ഡം 39(3)-ൽ "റെഗുലേഷനുകളും" എന്നതിന് പകരം "റഗുലേഷനുകളും ബൈലോയും" എന്ന് ചേർക്കുക.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

1119. ഖണ്ഡം 39(4)-ൽ "അവസാനിക്കുമെങ്കിൽ" എന്നതിന് പകരം "അവസാനിക്കുന്ന സാഹചര്യത്തിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1124. ഖണ്ഡം 39(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ബോർഡിൽ/ വെബ്സൈറ്റിൽ" എന്നതിന് പകരം "ബോർഡിലോ വെബ്സൈറ്റിലോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1090-ാം നമ്പർ ഭേദഗതി 1089-ാം നമ്പർ ഭേദഗതിക്കും 1092-ാം നമ്പർ ഭേദഗതി 1091-ാം നമ്പർ ഭേദഗതിക്കും 1101-ാം നമ്പർ ഭേദഗതി 1100-ാം നമ്പർ ഭേദഗതിക്കും 1103-ാം നമ്പർ ഭേദഗതി 1102-ാം നമ്പർ ഭേദഗതിക്കും 1110-ാം നമ്പർ ഭേദഗതി 1109-ാം നമ്പർ ഭേദഗതിക്കും 1112-ാം നമ്പർ ഭേദഗതി 1111-ാം നമ്പർ ഭേദഗതിക്കും 1114, 1116 എന്നീ നമ്പർ ഭേദഗതികൾ 1115-ാം നമ്പർ ഭേദഗതിക്കും 1118-ാം നമ്പർ ഭേദഗതി

1117-ാം നമ്പർ ഭേദഗതിക്കും 1120-ാം നമ്പർ ഭേദഗതി 1119-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 1102-ാം നമ്പർ ഭേദഗതിയും ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 1115-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1123-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1088, 1108, 1122 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 1089-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 1091-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 1093-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 1100-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 1109-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 1111-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 1113-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 1117-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 1119-ാം നമ്പർ ഭേദഗതി

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 1124-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പതാം വകുപ്പ്

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1)-ാം ഇനത്തിൽ "(1)-ാം ഉപവകുപ്പിലെയോ (2)-ാം ഉപവകുപ്പിലെയോ" എന്നത് വിട്ടുകളയേണ്ടതാണ്.

ശ്രീ. വി. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1126. ഖണ്ഡം 40(ii)-ൽ "മനപ്പൂർവ്വം" എന്നതിന് പകരം "മന:പൂർവ്വം" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1130. ഖണ്ഡം 40(ii)-ൽ "മനപ്പൂർവ്വം" എന്നതിന് പകരം "ബോധപൂർവ്വം" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1132. ഖണ്ഡം 40(iii)-ൽ "മനപൂർവ്വമായോ" എന്നതിന് പകരം "മനപ്പൂർവ്വമായോ" എന്ന് ചേർക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1134. ഖണ്ഡം 40(iii)-ൽ "മനപൂർവ്വമായോ" എന്നതിന് പകരം

"മനഃപൂർവ്വമായോ" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1136. ഖണ്ഡം 40(iii)-ൽ "മനപൂർവ്വമായോ" എന്നതിന് പകരം "മനഃപൂർവ്വമായോ" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1137. ഖണ്ഡം 40(iii)-ൽ "മനപൂർവ്വമായോ" എന്നതിന് പകരം "ബോധപൂർവ്വമായോ" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1144. ഖണ്ഡം 40(iii)-ന്റെ ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക.

"എന്നാൽ, ഈ വകുപ്പിൻ കീഴിൽ ചുമത്തിയിട്ടുള്ള പിഴശിക്ഷ, മറ്റ് ഏതെങ്കിലും നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ഒരു തടസ്സമാകുന്നതല്ല."

മി. സ്പീക്കർ: 1127 മുതൽ 1129 വരെയുള്ള ഭേദഗതികൾ 1126-ാം

നമ്പർ ഭേദഗതിക്കും 1131-ാം നമ്പർ ഭേദഗതി 1130-ാം നമ്പർ ഭേദഗതിക്കും 1133-ാം നമ്പർ ഭേദഗതി 1132-ാം നമ്പർ ഭേദഗതിക്കും 1135-ാം നമ്പർ ഭേദഗതികൾ 1134-ാം നമ്പർ ഭേദഗതിക്കും 1138-ാം നമ്പർ ഭേദഗതി 1137-ാം നമ്പർ ഭേദഗതിക്കും 1145-ാം നമ്പർ ഭേദഗതി 1144-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. വി. ജോയി അവതരിപ്പിച്ച 1126-ാം നമ്പർ ഭേദഗതിയും ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 1134-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 1130-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 1132-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 1136-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 1137-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 1144-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാല്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള നാല്പതാം വകുപ്പ് ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാല്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാല്പത്തി ഒന്നാം വകുപ്പ്</u>

(ഭേദഗതികൾ ഇല്ല)

നാല്പത്തി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

നാല്പത്തി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാല്പത്തി രണ്ടാം വകുപ്പ്</u>

(ഭേദഗതികൾ ഇല്ല)

നാല്പത്തി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

നാല്പത്തി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തി മൂന്നാം വകുപ്പ്

(ഭേദഗതികളൊന്നും അവതരിപ്പിക്കപ്പെട്ടില്ല)

നാല്പത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

നാല്പത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിനാലാം വകുപ്പ്

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1148. ഖണ്ഡം 44(1)-ൽ "ആവശ്യമെന്ന്" എന്നതിന് പകരം "അനിവാര്യമെന്ന്" എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1150. ഖണ്ഡം 44(2)-ൽ "കഴിയുന്നത്രവേഗം" എന്നതിന് പകരം "ആറുമാസത്തിനകം" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 1149-ാം നമ്പർ ഭേദഗതി 1148-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 1148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 1150-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.......................

നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയഞ്ചാം വകുപ്പ്

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1155. ഖണ്ഡിക 45(1)-ൽ "ബാധകതയില്ലാതാക്കുകയും" എന്നതിന് പകരം "അധികാരിതയില്ലാതാക്കുകയും" എന്ന് ചേർക്കുക.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1157. ഖണ്ഡിക 45(1)-ൽ "ബാധകതയില്ലാതാക്കുകയും" എന്നതിന് പകരം "പ്രയോഗക്ഷമതയില്ലാതാക്കുകയും" എന്ന് ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1159. ഖണ്ഡിക 45(2)-ൽ "ബാധകതയില്ലാതാക്കുകയോ" എന്നതിന് പകരം "അധികാരിതയില്ലാതാക്കുകയോ" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1161. ഖണ്ഡിക 45(2)-ൽ "ബാധകതയില്ലാതാക്കുകയോ" എന്നതിന് പകരം "പ്രയോഗക്ഷമതയില്ലാതാക്കുകയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1156-ാം നമ്പർ ഭേദഗതി 1155-ാം നമ്പർ ഭേദഗതിക്കും 1158-ാം നമ്പർ ഭേദഗതി 1157-ാം നമ്പർ ഭേദഗതിക്കും 1160-ാം നമ്പർ ഭേദഗതി 1159-ാം നമ്പർ ഭേദഗതിക്കും 1162-ാം നമ്പർ ഭേദഗതി 1161-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 1155-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 1157-ാം നമ്പർ ഭേദഗതി

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 1159-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 1161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ദീർഘ ശീർഷകത്തിൽ 'പ്രോൽസാഹനത്തിനോ' എന്ന വാക്കിനു പകരം "പ്രോത്സാഹനത്തിനോ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. ദീർഘശീർഷകത്തിൽ "ശാസ്ത്രീയ" എന്ന് വരുന്നിടത്തെല്ലാം അതിന് പകരം " ശാസ്ത്ര" എന്ന് ചേർക്കുക.

142. ദീർഘശീർഷകത്തിൽ "ബന്ധപ്പെട്ടതോ" എന്നതിന് പകരം "ബന്ധപ്പെട്ടിട്ടുള്ളതോ" എന്ന് ചേർക്കുക.

168. പീഠികയിൽ "ഉന്നമനത്തിനോ" എന്നതിനുപകരം "പുരോഗതിക്കോ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. ദീർഘശീർഷകത്തിൽ "കായിക" എന്ന് വരുന്നിടത്തെല്ലാം അതിനുശേഷം "വിനോദ" എന്ന് ചേർക്കുക.

134. ദീർഘശീർഷകത്തിൽ "ഉപയോഗമുള്ള" എന്നതിന് പകരം "പ്രായോഗികമായ" എന്ന് ചേർക്കുക.

163. പീഠികയിൽ "കായിക" എന്ന് വരുന്നിടത്തെല്ലാം അതിനു ശേഷം "വിനോദ" എന്ന് ചേർക്കുക.

173. പീഠികയിൽ “ ഉപയോഗമുള്ള” എന്നതിന് പകരം
“ പ്രായോഗിക” എന്ന് ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

128. ദീർഘശീർഷകത്തിൽ “ ഉപയോഗമുള്ള” എന്നതിന് പകരം
“ പ്രയോജനപ്പെടുന്ന” എന്ന് ചേർക്കുക.

138. ദീർഘശീർഷകത്തിൽ "പ്രോൽസാഹനത്തിനോ" എന്നതിന്
പകരം "ഉന്നമനത്തിനോ” എന്ന് ചേർക്കുക.

159. പീഠികയിൽ "ശാസ്ത്രീയ," എന്ന് വരുന്നിടത്തെല്ലാം അതിനു
പകരം "ശാസ്ത്ര," എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

188. ഖണ്ഡം 1(2)-ൽ "സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി,
നിശ്ചയിക്കുന്ന തീയതിയിൽ" എന്നതിന് പകരം "ഉടനടി”
എന്ന് ചേർക്കുക.

മി. സ്പീക്കർ: 104 മുതൽ 109 വരെയുള്ള ഭേദഗതികൾ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. 116 മുതൽ 120 വരെയുള്ള ഭേദഗതികൾ 115-ാം നമ്പർ ഭേദഗതിക്കും 129 മുതൽ 132 വരെയുള്ള

ഭേദഗതികൾ 128-ാം നമ്പർ ഭേദഗതിക്കും 136, 137, 139, 140 എന്നീ നമ്പർ ഭേദഗതികൾ 138-ാം നമ്പർ ഭേദഗതിക്കും 143 മുതൽ 147 വരെയുള്ള ഭേദഗതികൾ 142-ാം നമ്പർ ഭേദഗതിക്കും 158, 160 മുതൽ 162 വരെയുള്ള ഭേദഗതികൾ 159-ാം നമ്പർ ഭേദഗതിക്കും 166, 167, 169 മുതൽ 171 വരെയുള്ള ഭേദഗതികൾ 168-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. അനൂപ് ജേക്കബിന്റെ 135, 175 എന്നീ നമ്പർ ഭേദഗതികളും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 177-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

135. ദീർഘശീർഷകത്തിൽ "ദുർലഭമായ" എന്നത് ഒഴിവാക്കുക.

175. പീഠികയിൽ “ ദുർലഭമായ” എന്നത് ഒഴിവാക്കുക.

177. പീഠികയിൽ "പ്രോൽസാഹനത്തിനോ" എന്നതിന് പകരം

"പ്രോത്സാഹനത്തിനോ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 115, 142, 168 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 122, 134, 163, 173 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 128, 138, 159 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(iii) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ
(iv) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ പ്രധാനപ്പെട്ട വിഭാഗത്തെ ബാധിക്കുന്ന പ്രശ്നവുമായി ബന്ധപ്പെട്ട ബില്ലാണിത്. ആ സന്ദർഭത്തിലാണ് പ്രതിപക്ഷം ഈ നിയമ നിർമ്മാണത്തെയാകെ തടസ്സപ്പെടുത്തുന്ന രീതി സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ ചരിത്രത്തിൽ കോടതികളിൽനിന്ന് ഇതുപോലെ തിരിച്ചടിയേറ്റ ഒരു പ്രതിപക്ഷവുമില്ലായെന്ന കാര്യം നാം കാണണം.

കെ-ഫോണുമായി ബന്ധപ്പെട്ട കേസിൽ കേരള ഹൈക്കോടതി ചോദിക്കുകയുണ്ടായി പ്രതിപക്ഷത്തിനുള്ളത് പബ്ലിക്ക് ഇന്ററസ്റ്റാണോ പബ്ലിസിറ്റി ഇന്ററസ്റ്റാണോയെന്ന്. ഇവിടെ കാണിക്കുന്ന കോലാഹലത്തിന് പുറകിലുള്ളതും പബ്ലിസിറ്റി ഇന്ററസ്റ്റ് മാത്രമാണെന്ന് നാം കാണണം. എ.ഐ ക്യാമറയുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവും മുൻ പ്രതിപക്ഷ നേതാവും കോടതിയെ സമീപിച്ചപ്പോൾ ഹൈക്കോടതി പറഞ്ഞത് നിങ്ങളുടെ രാഷ്ട്രീയ തർക്കത്തിനും സങ്കുചിത താല്പര്യത്തിനുമുള്ള വേദിയായി കോടതിയെ മാറ്റരുതെന്നാണ്. ഇവിടൊരു വക്കീലുണ്ട്. അദ്ദേഹം താഴെ കോടതിയിൽപോയി. തോൽക്കുമ്പോൾ പറയുന്നത് അപ്പീൽ പോകാൻ വിധിയായിട്ടുണ്ടെന്നാണ്. ഹൈക്കോടതിയിൽ പോയി അവിടെയും തോറ്റു. അപ്പോഴും പറയുന്നത് അപ്പീൽ പോകാൻ വിധിയായിട്ടുണ്ടെന്നും നമ്മൾ ജയിച്ചു കഴിഞ്ഞുയെന്നുമാണ്. സുപ്രീം കോടതിയെ സമീപിച്ചപ്പോൾ അവർ ഒരു നിയമസഭ സാമാജികനോട് ചോദിച്ചത് 10 ലക്ഷം രൂപ ഫൈനടിക്കണമോയെന്നാണ്. സുപ്രീം കോടതിയുടെ ചരിത്രത്തിൽ തന്നെ ഇതുവരെയുണ്ടായിട്ടില്ലാത്ത കാര്യമാണ്. സ്വന്തമായി ഓഫീസുണ്ട്.

സ്വന്തമായി വാദിക്കുന്നയാളാണ്. ഇനിയുള്ള ആകെ ആശ്രയം Hague court ആയ ഇന്റർനാഷണൽ കോടതിയാണ്. ആ കോടതിയിലേക്ക് അപ്പീലുണ്ടെന്നാണ് അദ്ദേഹം ഇന്നലെ പത്രക്കാരോട് പറഞ്ഞത്. ചാനൽ ചർച്ചയിൽ കടലാസുണ്ടെന്നാണ് കാണിക്കുന്നത്. കോടതി ചോദിച്ചപ്പോൾ ഇതാണ് കാണിക്കുന്നത്. ഇതാണ് രേഖ. ശങ്കരാടി പറഞ്ഞ രേഖ. ചാനൽ ചർച്ചയിൽ ജഡ്ജിമാരെല്ലാം വിധിച്ച ഇതു കൊള്ളാം, കൊള്ളാം. എന്നാൽ കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ കോടതിയിൽനിന്ന് തിരിച്ചടിയേറ്റതാണ്. കേരളവർമ്മ കോളേജിന്റെ കേസുമായി ബന്ധപ്പെട്ട കാര്യം ഞാൻ പറയുന്നില്ല, അവസാനം കോടതിയിൽ പോയി വോട്ട് കൂട്ടി കൊടുത്തു. എസ്.എഫ്.ഐ.-ക്കാർക്ക് ഒരു വോട്ട് കൂട്ടി കൊടുത്ത, അസാധാരണമായ സിദ്ധിയുള്ള, ആ നിയമസഭ സാമാജികൻ കൂടിയുള്ള സ്ഥലമാണ്. ഹൈക്കോടതിയിൽനിന്നും സുപ്രീം കോടതിയിൽനിന്നും എല്ലാ കോടതിയിൽ നിന്നും ഭരണപക്ഷത്തിനാണ് സാധാരണ തിരിച്ചടിയേറ്റതെന്നാണ് വാർത്തയെങ്കിൽ പ്രതിപക്ഷത്തിന് തുടർച്ചയായ തിരിച്ചടികൾ മാത്രമാണുണ്ടായിക്കൊണ്ടിരിക്കുന്നത്. ഹൈക്കോടതിയുടെ

ഇന്നലത്തെ എസ്.ഐ.റ്റി.-യിൽനിന്നും ചെറിയൊരു വ്യത്യാസമേയുള്ളൂ. പ്രതിപക്ഷ നേതാവ് ഇവിടെ പറയുകയുണ്ടായി, ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന്. ശ്രീമതി സോണിയ ഗാന്ധി പറയുന്ന, ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ പറയുന്ന, ശ്രീ. രാഹുൽ ഗാന്ധി പറയുന്ന, ബി.ജെ.പി.-യുടെ ഉപകരണമായ കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്നതാണ് പ്രതിപക്ഷത്തിന്റെ ആവശ്യം. അതൊഴികെയുള്ളതെല്ലാം പരിശോധിച്ചുകൊണ്ട് എസ്.ഐ.റ്റി.-യെ വച്ച് അന്വേഷിക്കാൻ ഹൈക്കോടതിതന്നെ പറഞ്ഞു. എന്നാൽ പ്രതിപക്ഷത്തിന് തൃപ്തിയായില്ല. ബി.ജെ.പി. സമ്മതിക്കുന്നില്ല. ബി.ജെ.പി.-യുടെ ആവശ്യം ഇവിടെ നിയമസഭയ്ക്കകത്ത് അവതരിപ്പിക്കുന്നതിനായി ഈ സഖ്യം മാറിയിരിക്കുന്നത് ജനാധിപത്യത്തെ സംബന്ധിച്ച് അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ഈ നിയമ നിർമ്മാണങ്ങൾ നിങ്ങൾ നോക്കൂ, കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ജീവിതത്തിന് ആശ്വാസം നൽകുന്ന നിയമ നിർമ്മാണങ്ങളാണ്. ഇന്നലെ അവതരിപ്പിച്ച ബില്ലിൽ, കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി

ഒരു സർവീസ് ജനങ്ങൾക്ക് ലഭിക്കുന്നില്ലെങ്കിൽ അതുസംബന്ധിച്ച് തീരുമാനമെടുക്കാൻ, ഉദ്യോഗസ്ഥനുമേൽ ഫൈൻ ഈടാക്കാൻ കേരളത്തിന്റെ ചരിത്രത്തിൽ ഒരു സ്വതന്ത്ര ഏജൻസി, ഇവിടെ ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അവതരിപ്പിച്ച ബിൽ നിങ്ങൾ ചർച്ച ചെയ്യാൻ സമ്മതിച്ചോ? ഞങ്ങൾക്ക് നികുതി അടയ്ക്കാൻ കഴിയുന്നില്ല, സ്ഥലം ഞങ്ങളുടെ കൈയിലാണ്, അതിനു ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയുന്ന ബിൽ ഈ നിയമസഭയിൽ അവതരിപ്പിച്ചു. നിങ്ങൾ ചർച്ച ചെയ്തോ? എത്രയോ ബാങ്കുകളുടെ ജപ്തിക്കു മുമ്പിൽ നിസഹായരായി നിൽക്കുന്ന പാവപ്പെട്ട ക്യാൻസർ രോഗികളുടെ ചിത്രം നമ്മൾ കണ്ടില്ലേ? ഇവിടെ എത്രയോ ശ്രമങ്ങൾ നടന്നു. ഒരു തീരുമാനമുണ്ടാക്കാൻ കഴിഞ്ഞില്ല. കേരളത്തിന്റെ അല്ല, ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഏക കിടപ്പാട സംരക്ഷണ ബിൽ കൊണ്ടുവന്ന സർക്കാർ, പിണറായി നയിക്കുന്ന എൽ.ഡി.എഫ് സർക്കാരാണ്. അതെങ്കിലും ചർച്ച ചെയ്യാൻ നിങ്ങൾ അനുവദിക്കണമായിരുന്നില്ലേ? അപ്പോൾ ജനങ്ങളുടെ ജീവിതപ്രശ്നങ്ങളെ സംബന്ധിച്ചൊന്നുംതന്നെ ചർച്ച

ചെയ്യേണ്ടതില്ല. എന്നാൽ നിങ്ങൾ എന്തെല്ലാം കോലാഹലം കാട്ടിയാലും ജനങ്ങൾക്കൊപ്പംനിന്ന് ഈ നാടിനു വേണ്ടിയുള്ള നിയമനിർമ്മാണ പ്രക്രിയ ഈ സർക്കാർ മുന്നോട്ടു കൊണ്ടുപോകുകതന്നെ ചെയ്യും. അതുകൊണ്ട് കയർ തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുന്ന ഈ ബിൽ പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

<u>2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>

<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>

രണ്ടാം വകുപ്പ്

Shri P. P. Chitharanjan :Sir, I move the following amendment.

125. In section 2(a) proposed to be inserted in the principal Act by Clause 2(i), the word " appellate" shall be deleted.

DR. N. Jayaraj :Sir, I move the following amendment.

127. In section 2(a) proposed to be inserted in the principal Act by Clause 2(i) for the words " authority under," the words " authority as under" shall be substituted.

Smt. U. Prathibha :Sir, I move the following amendment.

134. In section 2 (da) proposed to be inserted in the principal Act by Clause 2 (ii) for the word " designated" the word " empowered" shall be substituted.

മി.സ്പീക്കർ: 126-ാം നമ്പർ ഭേദഗതി 125-ാം നമ്പർ ഭേദഗതിക്കും 135-ാം നമ്പർ ഭേദഗതി 134-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

DR. N. Jayaraj : Sir, I move the following amendments.

143. In section 14 proposed to be amended in the principal Act by clause 4 after the words " subject to" the words " the provisions under" shall be inserted.

144. In section 14 proposed to be amended in the principal Act by clause 4 for the word " Interests" the word " Interest" shall be substituted.

മി.സ്പീക്കർ: 142-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 145 മുതൽ 148 വരെയുള്ള ഭേദഗതികൾ 144-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ

അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Shri P. Nandakumar : Sir, I move the following amendment.

149. In section 17(1) proposed to be amended in the principal Act by Clause 5(i) for the word " extent" the word " extend" shall be substituted.

Shri M. Noushad : Sir, I move the following amendment.

162. In section 17(1), proposed to be amended in the principal Act, by clause 5(i), for the words " double the amount due by him under this Act" , the words " fifteen thousand" shall be substituted.

Shri E. Chandrasekharan : Sir, I move the following

amendment.

165. In section 17(2), proposed to be amended in the principal Act, by clause 5(ii), for the words " penalty of" , the words " penalty which may extend upto twenty five thousand rupees" shall be substituted.

DR. N. Jayaraj : Sir, I move the following amendment.

180. In section 17(2) proposed to be amended in the principal Act by clause 5 (ii) for the words " twenty five" the

words and symbol “ twenty-five” shall be substituted.

മി.സ്പീക്കർ: 150-ാം നമ്പർ ഭേദഗതി 149-ാം നമ്പർ ഭേദഗതിക്കും 163-ാം നമ്പർ ഭേദഗതി 162-ാം നമ്പർ ഭേദഗതിക്കും 166 മുതൽ 175 വരെയുള്ള ഭേദഗതികൾ 165-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Shri V. K. Prasanth: Sir, I move the following amendment.

188. In the marginal heading of section 17A proposed to be inserted in the principal Act by Clause 6 before the word " before" the words " for being heard" shall be inserted.

Shri Sebastian Kulathunkal: Sir, I move the following amendment.

189. In section 17A proposed to be inserted in the principal Act by Clause 6 the word "Coir" shall be deleted.

Smt. K. K. Shailaja Teacher: Sir, I move the following amendment.

195. In section 17A proposed to be inserted in the principal Act by Clause 6 before the word "Gazette" the word "Official" shall be inserted.

Shri M. Rajagopalan: Sir, I move the following amendment.

199. In section 17A proposed to be inserted in the principal Act by Clause 6 before the word "concerned" the words "or persons" shall be inserted.

Shri A. C. Moideen : Sir, I move the following amendment.

209. In section 17B(1) proposed to be inserted in the principal Act by clause 6 for the word "pay" the word "remit" shall be substituted.

Shri P. Balachandran: Sir, I move the following amendments.

211. In section 17B(1) proposed to be inserted in the principal Act by clause 6, the word "so" shall be deleted.

292. In section 17C(4) proposed to be inserted in the principal Act by clause 6 after the words "may" the symbol ";" shall be inserted.

Shri E. Chandrasekharan : Sir, I move the following amendment.

227. In section 17B(1) proposed to be inserted in the Principal Act by Clause 6, the words " copy of the" shall be deleted.

Dr. N. Jayaraj: Sir, I move the following amendments.

238. In Section 17B(1) proposed to be inserted in the Principal Act by Clause 6, after the word " order" the words, figure and letter " under section 17A" shall be inserted.

253. In section 17C(1) proposed to be inserted in the principal act by clause 6, for the words " an officer" , the word " the officer" shall be substituted.

268. In Section 17C(2) proposed to be inserted in the principal Act by clause 6 after the words " such enquiry" the symbol " ," shall be inserted.

274. In section 17C(2) proposed to be inserted in the principal Act by clause 6, after the words " that the person" , the word " concerned" shall be inserted.

Shri K. P. Kunhammed Kutti Master: Sir, I move the following amendment.

258. In section 17C(1) proposed to be inserted in the principal Act by Clause 6 for the word " designated" the word

" empowered" shall be substituted.

Shri K. V. Sumesh: Sir, I move the following amendment.

262. In section 17C(1) proposed to be inserted in the principal Act by Clause 6 for the word " enquiry" the word " inquiry" shall be substituted.

Shri K. N. Unnikrishnan: Sir, I move the following amendment.

266. In Section 17C(2) proposed be inserted in the principal Act by clause 6 for the word " enquiry" the word " inquiry" shall be substituted wherever it occur.

Shri A. Prabhakaran: Sir, I move the following amendment.

289. In provisio to section 17C(3) proposed to be inserted in the principal Act by Clause 6 for the words " in time" the words " within thirty days" shall be substituted.

Shri C. C. Mukundhan: Sir, I move the following amendment.

291. In section 17C(4) proposed to be inserted in the principal Act by clause 6 after the words " may" the symbol " ;" shall be inserted.

Shri G. Steephen: Sir, I move the following amendment.

309. In section 17C(5) proposed to be inserted in the principal Act by clause 6 for the words " Consolidated Fund of the

State" the words " The Kerala Coir Workers' Welfare Fund Board" shall be substituted.

Shri K. Babu (Nenmara): Sir, I move the following amendment.

314. In section 17D(1) proposed to be inserted in the principal Act by clause 6 before the word " Gazette" the word " Official" shall be inserted.

Shri G. S. Jayalal: Sir, I move the following amendment.

326. In section 17D(1) proposed to be inserted in the principal Act by Clause 6 for the word " provided" , the word imposed shall be substituted.

Shri A. Raja: Sir, I move the following amendment.

338. In section 17D(3) proposed to be inserted in the principal Act by Clause 6 before the word " compounding" the words " an application for" shall be inserted.

Shri I. B. Satheesh: Sir, I move the following amendment.

340. In section 17D(4) proposed to be inserted in the principal Act by Clause 6 before the words " compounding of an offence" the words " application for" shall be inserted.

Shri Murali Perunelly: Sir, I move the following amendment.

344. In section 17D(5) proposed to be inserted in the principal

Act by Clause 6 for the words " Consolidated Fund of the State" of the words " The Kerala Coir Workers Welfare Fund Board " shall be substituted.

മി.സ്പീക്കർ: 196-ാം നമ്പർ ഭേദഗതി 195-ാം നമ്പർ ഭേദഗതിക്കും 200-ാം നമ്പർ ഭേദഗതി 199-ാം നമ്പർ ഭേദഗതിക്കും 210-ാം നമ്പർ ഭേദഗതി 209-ാം നമ്പർ ഭേദഗതിക്കും 212 മുതൽ 221 വരെയുള്ള ഭേദഗതികൾ 211-ാം നമ്പർ ഭേദഗതിക്കും 228 മുതൽ 237 വരെയുള്ള ഭേദഗതികൾ 227-ാം നമ്പർ ഭേദഗതിക്കും 259-ാം നമ്പർ ഭേദഗതി 258-ാം നമ്പർ ഭേദഗതിക്കും 263-ാം നമ്പർ ഭേദഗതി 262-ാം നമ്പർ ഭേദഗതിക്കും 267-ാം നമ്പർ ഭേദഗതി 266-ാം നമ്പർ ഭേദഗതിക്കും 290-ാം നമ്പർ ഭേദഗതി 289-ാം നമ്പർ ഭേദഗതിക്കും 293 മുതൽ 301 വരെയുള്ള ഭേദഗതികൾ 292-ാം നമ്പർ ഭേദഗതിക്കും 310-ാം നമ്പർ ഭേദഗതി 309-ാം നമ്പർ ഭേദഗതിക്കും 315-ാം നമ്പർ ഭേദഗതി 314-ാം നമ്പർ ഭേദഗതിക്കും 327 മുതൽ 336 വരെയുള്ള ഭേദഗതികൾ 326-ാം നമ്പർ ഭേദഗതിക്കും 339-ാം നമ്പർ ഭേദഗതി 338-ാം നമ്പർ ഭേദഗതിക്കും 341-ാം നമ്പർ ഭേദഗതി 340-ാം നമ്പർ ഭേദഗതിക്കും 345-ാം നമ്പർ ഭേദഗതി 344-ാം

നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതിയും ശ്രീ. സി. സി. മുകുന്ദന്റെ 291-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 238, 253, 268, 274 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 289-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ അവതരിപ്പിച്ച 291-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 344-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(iv) 2025 -ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

151. ഖണ്ഡം 2-ൽ "സെസ്സ് ആക്റ്റിലെ" എന്നതിന് പകരം "നികുതി നിയമത്തിലെ" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 2-ൽ "ആക്റ്റ് എന്നാണ്" എന്നതിന് പകരം "നിയമമെന്നാണ്" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2(i)-ൽ "ചെയ്യേണ്ടതും" എന്നതിന് പകരം "ചെയ്യുകയും" എന്ന് ചേർക്കുക.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

160. ഖണ്ഡം 2(i)-പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 2(എ)-ൽ "പ്രകാരമുള്ള" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

174. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ "നിയോഗിക്കുന്ന" എന്നതിന് പകരം "നിയമിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ "കോമ്പൗണ്ടിംഗ് ഓഫീസർ" എന്നതിന് പകരം "ഉന്നത ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

മി.സ്പീക്കർ: 152-ാം നമ്പർ ഭേദഗതി 151-ാം നമ്പർ ഭേദഗതിക്കും 154-ാം നമ്പർ ഭേദഗതി 153-ാം നമ്പർ ഭേദഗതിക്കും 158-ാം നമ്പർ ഭേദഗതി 157-ാം നമ്പർ ഭേദഗതിക്കും 161 മുതൽ 163 വരെയുള്ള ഭേദഗതികൾ 160-ാം നമ്പർ ഭേദഗതിക്കും 166-ാം നമ്പർ ഭേദഗതി 165-ാം നമ്പർ ഭേദഗതിക്കും 173, 175, 176 എന്നീ നമ്പർ ഭേദഗതികൾ 174-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി

ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 160, 174 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

177. ഖണ്ഡം 3-ൽ "ആക്റ്റിലെ" എന്നതിന് പകരം "നിയമത്തിലെ" എന്ന് ചേർക്കുക.

ശ്രീ. വി. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

179. പ്രധാന ആക്റ്റിലെ വകുപ്പ് 16(1)-ൽ "ആറുമാസക്കാലംവരെ" എന്നതിന് പകരം "മൂന്ന് മാസംവരെ"എന്ന് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

182. പ്രധാന ആക്റ്റിലെ 16(1)-ൽ "ആറുമാസക്കാലംവരെ" എന്നതിന് പകരം "നാലുമാസക്കാലംവരെ" എന്ന് ചേർക്കുക.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

183. പ്രധാന ആക്റ്റിലെ വകുപ്പ് 16(1)-ൽ "ആറുമാസക്കാലംവരെ ആകാവുന്ന" എന്നതിന് പകരം "ആറുമാസത്തിൽ കവിയാത്ത"എന്ന് ചേർക്കുക.

<u>ഡോ. കെ. ടി. ജലീൽ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

185. പ്രധാന ആക്റ്റിലെ വകുപ്പ് 16(1)-ൽ "ആറുമാസക്കാലംവരെ ആകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ" എന്നതിന് പകരം "ആറുമാസത്തിൽ അധികരിക്കാത്തതും, അയ്യായിരം രൂപ വരെയും"എന്ന് ചേർക്കുക.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

197. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്റ്റിലെ ഭേദഗതി ചെയ്യാനുദേശിക്കുന്ന വകുപ്പ് 16(1)-ൽ "ഇരുപത്തയ്യായിരം രൂപ പിഴ" എന്നതിന് പകരം "ഇരുപത്തയ്യായിരം

255. ഖണ്ഡിക 3(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന

ആക്റ്റിലെ വകുപ്പ് 16(3)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ" എന്നതിന് പകരം "ഇരുപത്തിയയ്യായിരം രൂപ വരെ പിഴയോ മൂന്നുമാസക്കാലം തടവോ അല്ലെങ്കിൽ രണ്ടുംകൂടിയോ" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

204. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(1)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "പരമാവധി 25000/- രൂപ വരെ പിഴ ഈടാക്കി" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(1)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "പരമാവധി ഇരുപത്തി അയ്യായിരം രൂപ പിഴ ചുമത്തി" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ

ഉദ്ദേശിക്കുന്ന വകുപ്പ് 16(1)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "അമ്പതിനായിരം രൂപ പിഴ ഈടാക്കി" എന്ന് ചേർക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

209. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 16(1)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്നതിന് പകരം "രണ്ട് മാസത്തിലധികരിക്കാത്തതും പതിനയ്യായിരം രൂപ വരെയും, അഥവാ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ് " എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 16(1)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്നതിന് പകരം "ആറു മാസത്തിലധികരിക്കാത്തതും, ഇരുപത്തി അയ്യായിരം രൂപ വരെ ആകാവുന്നതുമായ പിഴ നൽകി ശിക്ഷിക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ. : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

215. പ്രധാന ആക്റ്റിലെ വകുപ്പ് 16(2)-ൽ "ആറുമാസക്കാലം വരെ ആകാവുന്ന തടവോ അയ്യായിരം രൂപ വരെയാകാവുന്ന

പിഴയോ" എന്നതിന് പകരം " ആറു മാസക്കാലത്തിലധികരിക്കാത്ത തടവോ, 25,000/- രൂപയിൽ അധികരിക്കാത്ത പിഴയോ" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

227. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(2)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ" എന്നതിന് പകരം "ഇരുപത്തി അയ്യായിരം രൂപ വരെ പിഴയോ ആറുമാസക്കാലം തടവോ അഥവാ രണ്ടും കൂടിയോ" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

231. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16 (2)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "പതിനയ്യായിരം രൂപ മുതൽ ഇരുപത്തി അയ്യായിരം രൂപ വരെ പിഴ ചുമത്തി" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

233. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(2)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ

നൽകി" എന്നതിന് പകരം "ഇരുപത്തി അയ്യായിരം രൂപ വരെ പിഴ ചുമത്തി" എന്ന് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

235. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(2)-ൽ "ഇരുപത്തി അയ്യായിരംരൂപ പിഴ നൽകി" എന്നതിന് പകരം "പതിനയ്യായിരം രൂപ മുതൽ മുപ്പതിനായിരം രൂപ വരെയുള്ള തുക പിഴയായി ഈടാക്കി" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

237. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16 (2)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "മൂന്ന് മാസത്തിൽ കുറയാത്ത തടവോ അല്ലെങ്കിൽ ഇരുപത്തി അയ്യായിരം രൂപ പിഴയോ നൽകി" എന്ന് ചേർക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

239. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16 (2)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "ഇരുപത്തി അയ്യായിരം രൂപ മുതൽ

അമ്പതിനായിരം രൂപ വരെ പിഴ ഈടാക്കി" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

241. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(2)-ൽ "ഇരുപത്തി അയ്യായിരംരൂപ പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്നതിന് പകരം "പരമാവധി ഇരുപത്തി അയ്യായിരം രൂപ വരെ പിഴ ചുമത്തി ശിക്ഷിക്കാവുന്നതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 3(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(3)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "മൂന്ന് മാസത്തെ തടവോ അല്ലെങ്കിൽ ഇരുപത്തി അയ്യായിരം രൂപ വരെ പിഴയോ ചുമത്തി" എന്ന് ചേർക്കുക.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

260. ഖണ്ഡം 3(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(3)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "പരമാവധി മൂന്ന് മാസം വരെ തടവോ, മുപ്പതിനായിരത്തിൽ കവിയാത്ത പിഴയോ അഥവാ

രണ്ടും ഒരുമിച്ചോ പിഴ ചുമത്തി" എന്ന് ചേർക്കുക.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

262. ഖണ്ഡം 3(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(3)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "ഇരുപതിനായിരം രൂപ മുതൽ മുപ്പതിനായിരം രൂപ വരെ പിഴ ഈടാക്കി" എന്ന് ചേർക്കുക.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

264. ഖണ്ഡിക 3(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(3)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ" എന്നതിന് പകരം "ഇരുപത്തി അയ്യായിരം രൂപ വരെ പിഴ" എന്ന് ചേർക്കുക.

<u>ശ്രീമതി ഒ. എസ്. അംബിക</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

266. ഖണ്ഡം 3(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(3)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്നതിന് പകരം "ഇരുപത്തി അയ്യായിരം രൂപ മുതൽ അമ്പതിനായിരം രൂപ വരെ പിഴ ചുമത്തി ശിക്ഷിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി.സ്പീക്കർ: 178-ാം നമ്പർ ഭേദഗതി 177-ാം നമ്പർ ഭേദഗതിക്കും 180, 181 എന്നീ നമ്പർ ഭേദഗതികൾ 179-ാം നമ്പർ ഭേദഗതിക്കും 184-ാം നമ്പർ ഭേദഗതി 183-ാം നമ്പർ ഭേദഗതിക്കും 198 മുതൽ 201 വരെയുള്ള ഭേദഗതികൾ 197-ാം നമ്പർ ഭേദഗതിക്കും 205-ാം നമ്പർ ഭേദഗതി 204-ാം നമ്പർ ഭേദഗതിക്കും 208-ാം നമ്പർ ഭേദഗതി 207-ാം നമ്പർ ഭേദഗതിക്കും 210 മുതൽ 212 വരെയുള്ള ഭേദഗതികൾ 209-ാം നമ്പർ ഭേദഗതിക്കും 216-ാം നമ്പർ ഭേദഗതി 215-ാം നമ്പർ ഭേദഗതിക്കും 228 മുതൽ 230 വരെയുള്ള ഭേദഗതികൾ 227-ാം നമ്പർ ഭേദഗതിക്കും 232-ാം നമ്പർ ഭേദഗതി 231-ാം നമ്പർ ഭേദഗതിക്കും 234-ാം നമ്പർ ഭേദഗതി 233-ാം നമ്പർ ഭേദഗതിക്കും 236-ാം നമ്പർ ഭേദഗതി 235-ാം നമ്പർ ഭേദഗതിക്കും 238-ാം നമ്പർ ഭേദഗതി 237-ാം നമ്പർ ഭേദഗതിക്കും 240-ാം നമ്പർ ഭേദഗതി 239-ാം നമ്പർ ഭേദഗതിക്കും 242-ാം നമ്പർ ഭേദഗതി 241-ാം നമ്പർ ഭേദഗതിക്കും 256, 257 എന്നീ നമ്പർ ഭേദഗതികൾ 255-ാം നമ്പർ ഭേദഗതിക്കും 259-ാം നമ്പർ ഭേദഗതി 258-ാം നമ്പർ ഭേദഗതിക്കും 261-ാം നമ്പർ ഭേദഗതി 260-ാം നമ്പർ ഭേദഗതിക്കും 263-ാം നമ്പർ ഭേദഗതി

262-ാം നമ്പർ ഭേദഗതിക്കും 265-ാം നമ്പർ ഭേദഗതി 264-ാം നമ്പർ ഭേദഗതിക്കും 267-ാം നമ്പർ ഭേദഗതി 266-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 197, 255 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാലാം വകുപ്പ്</u>

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

271. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 എ-ൽ "സർക്കാരിന്" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

313. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(എ)-ൽ "പാലിച്ചിട്ടുണ്ടെങ്കിൽ" എന്നതിന് പകരം "പാലിച്ചിട്ടുണ്ടെന്ന് അങ്ങനെയുള്ള ഉദ്യോഗസ്ഥന് ബോധ്യമാകുന്ന പക്ഷം" എന്ന് ചേർക്കുക.

386. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(1)-ൽ " പിഴ" എന്നതിന് മുമ്പിൽ വരുന്ന "ഒരു" എന്നത് ഒഴിവാക്കുക.

391. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(2)-ൽ "ഹാജരാക്കുന്നതിനായോ" എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

403. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(സി)(2)-ൽ "ഒരു" എന്നത് ഒഴിവാക്കുക.

409. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(സി)(2)-ൽ "ചുമത്തേണ്ടതാണ്" എന്നതിന് പകരം "ചുമത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

426. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ൽ "സഹിതവും" എന്നതിന് ശേഷം "ഉത്തരവിനെതിരെ" എന്ന് ചേർക്കുക.

485. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(ഡി)(1)-ൽ "ഓഫീസർക്ക്" എന്നതിന് ശേഷം "കുറ്റങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

273. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 എ-ൽ "ജോയിന്റ് ഡയറക്ടറുടെ തുല്യ പദവിയിലുള്ള" എന്നതിന് പകരം "ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനെ" എന്ന് ചേർക്കുക.

326. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 ബി(1)-ൽ "വീഴ്ച വരുത്തുന്ന ഏതൊരാളും" എന്നതിന് പകരം "വീഴ്ചവരുത്തുന്ന പക്ഷം ഏതൊരാൾക്കും" എന്ന് ചേർക്കുക.

472. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ഡി

(1)-ൽ "കോമ്പൗണ്ടിംഗ് ഓഫീസർ" എന്നതിന് പകരം "ഉന്നത ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

281. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 എ-ൽ "പ്രസ്തുത വകുപ്പിലെ" എന്നതിനു പകരം "നിയമപ്രകാരമുള്ള" എന്ന് ചേർക്കുക.

363. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ബി(2)-ൽ "കോടതിയുടെ" എന്നതിന് പകരം "കോടതിക്ക്" എന്ന് ചേർക്കുക.

446. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(സി)(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "ബോധിപ്പിക്കുന്ന" എന്നതിനു പകരം "നൽകുന്ന" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

285. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(എ)-ൽ "വ്യാപാരിക്ക് തൊണ്ണൂറു ദിവസത്തിൽ" എന്നതിനു പകരം "അൻപത് ദിവസത്തിൽ അധികരിക്കാത്തത് " എന്ന് ചേർക്കുക.

464. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(5)-ൽ "ഈടാക്കുന്ന തുക" എന്നതിന് പകരം "ലഭിക്കുന്ന മുഴുവൻ തുകയും" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

288. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(എ)-ൽ "തൊണ്ണൂറ്" എന്നതിനു പകരം "അൻപത്" എന്ന് ചേർക്കുക.

392. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(2)-ൽ "അത്തരം അന്വേഷണത്തിൽ ആ ആൾ കുറ്റം ചെയ്തുവെന്ന് ബോധ്യപ്പെടുന്നപക്ഷം, അദ്ദേഹം ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു പിഴ ചുമത്തേണ്ടതാണ് " എന്നത് ഒഴിവാക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

294. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(എ)-ൽ "തൊണ്ണൂറ്" എന്നതിന് പകരം "എഴുപത്തിയഞ്ച്" എന്ന് ചേർക്കുക.

407. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(സി)(2)-ൽ "ഒരു" എന്നതിന് പകരം "പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

300. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 എ-യിൽ "തൊണ്ണൂറ് ദിവസത്തിൽ അധികരിക്കാത്ത ഒരു സമയ പരിധി രേഖാമൂലം നിശ്ചയിച്ചു നൽകേണ്ടതും," എന്നതിന് പകരം "ഒരു സമയപരിധി നിയമപ്രകാരം രേഖപ്പെടുത്തി നൽകേണ്ടതാണ്" . എന്ന് ചേർക്കുക.

432. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "അപ്പീൽവാദി തടയപ്പെട്ടിരുന്നുവെന്ന് " എന്നതിന് പകരം "അപ്പീൽവാദിക്ക് സാധിക്കാതെ വന്നുവെന്ന് " എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

302. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 എ-യിൽ "രേഖാമൂലം നിശ്ചയിച്ചു നൽകേണ്ടതും," എന്നതിന് പകരം "നിശ്ചയിച്ച് രേഖാമൂലം നൽകേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

304. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 എ-യിൽ "രേഖാമൂലം നിശ്ചയിച്ചു നൽകേണ്ടതും," എന്നതിന് പകരം "നിശ്ചയിച്ച് രേഖാമൂലവും ഇ-മെയിൽ മുഖാന്തിരവും നൽകേണ്ടതാണ്." എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

308. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 എ-യിൽ "രേഖാമൂലം നിശ്ചയിച്ച് നൽകേണ്ടതും," എന്നതിന് പകരം "നിശ്ചയിച്ച് രേഖാമൂലമോ ഇ-മെയിൽ ഉണ്ടെങ്കിൽ അതിലൂടെയും നൽകേണ്ടതാണ്." എന്ന് ചേർക്കുക.

434. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ന്റെ ക്ലിപ്തനിബന്ധനയിലെ "സമയമായ മുപ്പത്" എന്നത് ഒഴിവാക്കുക.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

309. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 എ-യിൽ "രേഖാമൂലം നിശ്ചയിച്ച് നൽകേണ്ടതും," എന്നതിന് പകരം "നിശ്ചയിക്കുകയും അത് രേഖാമൂലവും ഇ-മെയിൽ ഉണ്ടെങ്കിൽ അതുവഴി കൂടിയും അറിയിപ്പ് നൽകേണ്ടതാണ്." എന്ന് ചേർക്കുക.

390. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(2)-ൽ "ഉപയോഗപ്രദമോ പ്രസക്തമോ ആകുന്നതുമായ" എന്നതിന് പകരം "ഉപയോഗപ്രദവും പ്രസക്തവും ക്രിയാത്മകവുമായ" എന്ന് ചേർക്കുക.

424. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ൽ "അങ്ങനെയുള്ള ഫീസ് സഹിതവും" എന്നതിന് പകരം "നിശ്ചിത ഫീസ് സഹിതം" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

318. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(ബി)(1)-ൽ "തൊണ്ണൂറ്" എന്നതിന് പകരം "എഴുപത്തി അഞ്ച്" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

324. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 ബി(1)-ൽ "തൊണ്ണൂറ്" എന്നതിന് പകരം "നിശ്ചിത" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

334. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (ബി)(1)-ൽ “ ആറുമാസക്കാലം വരെയാകാവുന്ന” എന്നതിന് പകരം “ ആറു മാസം വരെയോ അല്ലെങ്കിൽ ഇരട്ടിത്തുകയോ” എന്ന് ചേർക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

336. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (ബി)(1)-ൽ “ ആറുമാസക്കാലം വരെയാകാവുന്ന തടവും

പിഴത്തുകയുടെ ഇരട്ടിപ്പിഴയും" എന്നതിന് പകരം " ആറുമാസക്കാലം തടവോ അല്ലെങ്കിൽ പിഴത്തുകയുടെ ഇരട്ടിയോ" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

338. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (ബി)(1)-ൽ " ആറുമാസക്കാലം വരെയാകാവുന്ന തടവും പിഴത്തുകയുടെ ഇരട്ടിപ്പിഴയും നൽകി" എന്നതിന് പകരം " ആറുമാസത്തിൽ കവിയാത്തതും, പിഴത്തുകയുടെ ഇരട്ടിയും ചുമത്തി" എന്ന് ചേർക്കുക.

422. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ൽ "നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസ് സഹിതവും ഒരു അപ്പീൽ നൽകാവുന്നതാണ്" എന്നതിന് പകരം "നിർണ്ണയിക്കപ്പെടാവുന്നപക്ഷം നിശ്ചിത ഫോറത്തിലും വ്യവസ്ഥാപിത രീതിയിലും നിശ്ചിത ഫീസ് സഹിതം ഒരു അപ്പീൽ നൽകാവുന്നതാണ്:" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

351. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 ബി(1)-ൽ "നൽകി" എന്നതിന് പകരം "സഹിതം" എന്ന് ചേർക്കുക.

448. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(സി)(4)-ൽ "അധികാരിക്ക്" എന്നതിനു ശേഷം ";" എന്ന ചിഹ്നം ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

355. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 ബി(1) താഴെപ്പറയും പ്രകാരം മാറ്റുക:

"16-ാം വകുപ്പ് പ്രകാരം പിഴചുമത്തികൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റിയ തീയതി മുതൽ നിശ്ചിത ദിവസത്തിനുള്ളിൽ പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏതൊരാളും മൂന്നുമാസം വരെയാകാവുന്ന തടവും, പിഴത്തുകയുടെ ഇരട്ടിയും ചുമത്തി ശിക്ഷിക്കാവുന്നതാണ്"

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

358. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 ബി(2)-ൽ "ഒരു കുറ്റവും, ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ" എന്നതിന് പകരം "ഏതൊരു കുറ്റകൃത്യവും, ഒരു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയുടെ" എന്ന് ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

364. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ബി(2)-ൽ "പാടില്ലാത്തതാണ്" എന്നതിന് പകരം "പാടുള്ളതല്ല" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

367. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ബി(3)-ൽ "ഒരു കുറ്റവും" എന്നതിന് പകരം "ഏതൊരു കുറ്റവും" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

369. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ബി(3)-ൽ "ഒരു കുറ്റവും" എന്നതിന് പകരം "ഒരു കുറ്റകൃത്യവും" എന്ന് ചേർക്കുക.

487. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16-ഡി(2)-ൽ "അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള" എന്നതിന് പകരം "നിശ്ചിത ഫാറത്തിലും വ്യവസ്ഥ ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

498. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(ഡി)(4)-ൽ "കുറ്റവിമുക്തനാകുന്നതുമാണ്" എന്നതിനു പകരം "ഉടൻ തന്നെ കുറ്റവിമുക്തനാക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന

ഭേദഗതികൾ അവതരിപ്പിക്കുന്നു.

381. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(1)-ൽ "പ്രകാരമുള്ള ഒരു പിഴ" എന്നതിന് പകരം "പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഒരു പിഴ" എന്ന് ചേർക്കുക.

476. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ഡി(1)-ൽ "എഴുപത്തിയഞ്ച് ശതമാനം ഒടുക്കിയാൽ കോമ്പൗണ്ടിംഗ് ഓഫീസർക്ക്" എന്നതിന് പകരം "തൊണ്ണൂറ് ശതമാനം തുകയും ഒടുക്കിയാൽ നിർദ്ദിഷ്ട ഉന്നത ഉദ്യോഗസ്ഥന്" എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന

ഭേദഗതികൾ അവതരിപ്പിക്കുന്നു.

389. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(2)-ൽ "ഏതൊരാളെയും" എന്നതിന് പകരം "ഏതൊരു വ്യക്തിയെയും" എന്ന് ചേർക്കുക.

395. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(2)-ൽ "ആൾ" എന്നതിന് പകരം "വ്യക്തി" എന്ന് ചേർക്കുക.

414. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ൽ "ഏതൊരാൾക്കും" എന്നതിന് പകരം "ഏതൊരു വ്യക്തിക്കും" എന്ന് ചേർക്കുക.

415. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ൽ "അയാളെ" എന്നതിന് പകരം "ആ

വ്യക്തിയെ" എന്ന് ചേർക്കുക.

447. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിന്റെ
വകുപ്പ് 16(സി)(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "അപ്പീലും" എന്നതിനു ശേഷം "," എന്ന ചിഹ്നം ചേർക്കുക.

460. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(4)-ൽ, "പാസ്സാക്കാവുന്നതാണ്" എന്നതിന് പകരം "പുറപ്പെടുവിക്കാവുന്നതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

436. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "സമയമായ മുപ്പത് ദിവസത്തെ കാലാവധി കഴിഞ്ഞതിനുശേഷം" എന്നതിന് പകരം "നിശ്ചിത സമയ പരിധി കഴിഞ്ഞതിന് ശേഷം” എന്നത് ചേർക്കുക.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

437. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "സമയമായ മുപ്പത് ദിവസത്തെ കാലാവധി കഴിഞ്ഞതിനുശേഷം" എന്നതിന് പകരം "സമയ പരിധി കഴിഞ്ഞതിന് ശേഷം” എന്നത് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

458. ഖണ്ഡം (4) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(4)-ലെ, "രൂപഭേദപ്പെടുത്തുകയോ" എന്നത് ഒഴിവാക്കുക.

ശ്രീ. എം. മുകേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

467. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ഡി(1)-ൽ "നടപടികൾക്കു മുൻപോ പിൻപോ" എന്നതിന് പകരം "നടപടികൾക്ക് മുൻപും പിൻപും" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

490. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16-ഡി(3)-ൽ "യാതൊരു പ്രോസിക്യൂഷൻ നടപടികളും ആരംഭിക്കാൻ പാടുള്ളതല്ല" എന്നതിന് പകരം "പ്രോസിക്യൂഷൻ നടപടികൾ ഉടൻതന്നെ അവസാനിപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

493. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ഡി(3)-ൽ "പ്രോസിക്യൂഷൻ നടപടികളും ആരംഭിക്കാൻ പാടുള്ളതല്ല" എന്നതിന് പകരം "പ്രോസിക്യൂഷൻ നടപടികളും പാടുള്ളതല്ല" എന്ന് ചേർക്കുക.

മി. സ്പീക്കർ: 274-ാം നമ്പർ ഭേദഗതി 273-ാം നമ്പർ ഭേദഗതിക്കും 282 മുതൽ 284 വരെ 281-ാം നമ്പർ ഭേദഗതിക്കും 286-ാം നമ്പർ ഭേദഗതി 285-ാം നമ്പർ ഭേദഗതിക്കും 289-ാം നമ്പർ ഭേദഗതി 288-ാം നമ്പർ ഭേദഗതിക്കും 295-ാം നമ്പർ ഭേദഗതി 294-ാം നമ്പർ ഭേദഗതിക്കും 301-ാം നമ്പർ ഭേദഗതി 300-ാം നമ്പർ ഭേദഗതിക്കും 303-ാം നമ്പർ ഭേദഗതി 302-ാം നമ്പർ ഭേദഗതിക്കും 305-ാം നമ്പർ ഭേദഗതി 304-ാം നമ്പർ ഭേദഗതിക്കും 310-ാം നമ്പർ ഭേദഗതി 309-ാം നമ്പർ ഭേദഗതിക്കും 319-ാം നമ്പർ ഭേദഗതി 318-ാം നമ്പർ ഭേദഗതിക്കും 325-ാം നമ്പർ ഭേദഗതി 324-ാം നമ്പർ

ഭേദഗതിക്കും 335-ാം നമ്പർ ഭേദഗതി 334-ാം നമ്പർ ഭേദഗതിക്കും 337-ാം നമ്പർ ഭേദഗതി 336-ാം നമ്പർ ഭേദഗതിക്കും 339-ാം നമ്പർ ഭേദഗതി 338-ാം നമ്പർ ഭേദഗതിക്കും 352 മുതൽ 354 വരെ 351-ാം നമ്പർ ഭേദഗതിക്കും 356-ാം നമ്പർ ഭേദഗതി 355-ാം നമ്പർ ഭേദഗതിക്കും 359-ാം നമ്പർ ഭേദഗതി 358-ാം നമ്പർ ഭേദഗതിക്കും 360 മുതൽ 362 വരെ 363-ാം നമ്പർ ഭേദഗതിക്കും 365, 366 എന്നീ നമ്പർ ഭേദഗതികൾ 364-ാം നമ്പർ ഭേദഗതിക്കും 368-ാം നമ്പർ ഭേദഗതി 367-ാം നമ്പർ ഭേദഗതിക്കും 370-ാം നമ്പർ ഭേദഗതി 369-ാം നമ്പർ ഭേദഗതിക്കും 382-ാം നമ്പർ ഭേദഗതി 381-ാം നമ്പർ ഭേദഗതിക്കും 383 മുതൽ 385 വരെ 386-ാം നമ്പർ ഭേദഗതിക്കും 393-ാം നമ്പർ ഭേദഗതി 392-ാം നമ്പർ ഭേദഗതിക്കും 402-ാം നമ്പർ ഭേദഗതി 403-ാം നമ്പർ ഭേദഗതിക്കും 404 മുതൽ 406 വരെ, 408-ാം നമ്പർ എന്നീ

ഭേദഗതികൾ 407-ാം നമ്പർ ഭേദഗതിക്കും 410 മുതൽ 413 വരെ 409-ാം നമ്പർ ഭേദഗതിക്കും 423-ാം നമ്പർ ഭേദഗതി 422-ാം നമ്പർ ഭേദഗതിക്കും 425-ാം നമ്പർ ഭേദഗതി 424-ാം നമ്പർ ഭേദഗതിക്കും 431-ാം നമ്പർ ഭേദഗതി 432-ാം നമ്പർ ഭേദഗതിക്കും 435-ാം നമ്പർ ഭേദഗതി 434-ാം നമ്പർ ഭേദഗതിക്കും 443 മുതൽ 445 വരെ 446-ാം നമ്പർ ഭേദഗതിക്കും 449 മുതൽ 451 വരെ 448-ാം നമ്പർ ഭേദഗതിക്കും 459-ാം നമ്പർ ഭേദഗതി 458-ാം നമ്പർ ഭേദഗതിക്കും 462, 463 എന്നീ നമ്പർ ഭേദഗതികൾ 464-ാം നമ്പർ ഭേദഗതിക്കും 468, 469 എന്നീ നമ്പർ ഭേദഗതികൾ 467-ാം നമ്പർ ഭേദഗതിക്കും 471, 473 എന്നീ നമ്പർ ഭേദഗതികൾ 472-ാം നമ്പർ ഭേദഗതിക്കും 475, 477 എന്നീ നമ്പർ ഭേദഗതികൾ 476-ാം നമ്പർ ഭേദഗതിക്കും 484-ാം നമ്പർ ഭേദഗതി 485-ാം നമ്പർ ഭേദഗതിക്കും 488, 489

എന്നീ നമ്പർ ഭേദഗതികൾ 487-ാം നമ്പർ ഭേദഗതിക്കും 491, 492 എന്നീ നമ്പർ ഭേദഗതികൾ 490-ാം നമ്പർ ഭേദഗതിക്കും 494, 495 എന്നീ നമ്പർ ഭേദഗതികൾ 493-ാം നമ്പർ ഭേദഗതിക്കും 496, 497 എന്നീ നമ്പർ ഭേദഗതികൾ 498-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 474, 499 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

474. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 16 ഡി വകുപ്പ് (1)-ാം ഉപ വകുപ്പിൽ "വ്യവസ്ഥ" എന്നതിന് പകരം "വകുപ്പ്" എന്ന് ചേർക്കുക.

499. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 16(ഡി) വകുപ്പ് (4)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്നത് ചേർക്കുക:
"(5) കുറ്റങ്ങൾ രാജിയാകുന്നതിലൂടെ ലഭിക്കുന്ന തുക സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്."

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 474, 499 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 271, 313, 386, 391, 403, 409, 426, 485 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 273, 326, 472 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 281, 363, 446 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 285, 464 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 288, 392 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 294, 407 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച 300, 432 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 304-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 308, 434 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 309, 390, 424 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 338, 422 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 351, 448 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 358-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 364-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 367-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 369, 487, 498 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 381, 476 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 389, 395, 414, 415,

447, 460 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 436-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 458-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. മുകേഷ് അവതരിപ്പിച്ച 467-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 490-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 493-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

104. ശീർഷകത്തിൽ "ക്ഷേമ സെസ്സ്" എന്നതിന് പകരം "ക്ഷേമനിധി നികുതി" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

106. ശീർഷകത്തിൽ "സെസ്സ്" എന്നതിന് പകരം "നികുതി" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

108. ദീർഘശീർഷകത്തിൽ "ക്ഷേമ സെസ്സ് ആക്റ്റ്" എന്നതിന് പകരം "ക്ഷേമ-നിധി നികുതി നിയമം" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

110. ദീർഘശീർഷകത്തിൽ "സെസ്സ് ആക്റ്റ്" എന്നതിന് പകരം "നികുതി നിയമം" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. പീഠികയിൽ "സെസ്സ് ആക്റ്റ്" എന്നതിന് പകരം "നികുതി നിയമം" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

113. പീഠികയിൽ "സെസ്സ് ആക്റ്റ്" എന്നതിന് പകരം "സഹായ നികുതി നിയമം" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

115. പീഠികയിൽ "താഴെപ്പറയുന്ന" എന്നതിന് പകരം "ചുവടെ ചേർത്തിട്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 1(1)-ൽ "ആക്ടിന് " എന്നതിന് പകരം "നിയമത്തിന് " എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137. ഖണ്ഡം 1(1)-ൽ "സെസ്സ് (ഭേദഗതി) ആക്ട് " എന്നതിന് പകരം "സഹായനിധി (ഭേദഗതി) നിയമം " എന്ന് ചേർക്കുക.

മി. സ്പീക്കർ: 105-ാം നമ്പർ ഭേദഗതി 104-ാം നമ്പർ ഭേദഗതിക്കും 107-ാം നമ്പർ ഭേദഗതി 106-ാം നമ്പർ ഭേദഗതിക്കും 109-ാം നമ്പർ ഭേദഗതി 108-ാം നമ്പർ ഭേദഗതിക്കും 111-ാം നമ്പർ ഭേദഗതി 110-ാം നമ്പർ ഭേദഗതിക്കും 114-ാം നമ്പർ ഭേദഗതി 113-ാം നമ്പർ ഭേദഗതിക്കും 116 മുതൽ

121 വരെ 115-ാം നമ്പർ ഭേദഗതിക്കും 136-ാം നമ്പർ ഭേദഗതി 135-ാം നമ്പർ ഭേദഗതിക്കും 138-ാം നമ്പർ ഭേദഗതി 137-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 104-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരുംബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ പാസാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രതിപക്ഷം വല്ലാതെ ക്ഷീണിച്ചിരിക്കുന്നതിനാൽ മൂന്നാം വായനയിൽ ഞാൻ പ്രസംഗിക്കുന്നില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ പാസാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ .....................

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(2) 2025-ലെ കേരള ധനവിനിയോഗ (3-ാംനമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, നിയമസഭ അംഗീകരിച്ച ബജറ്റനുസരിച്ചാണ് സംസ്ഥാനത്ത് ഓരോ രൂപയും ചെലവഴിക്കപ്പെടുന്നത്. (....ബഹളം...) അതിന്റെ ഭാഗമായുള്ള 204.03 കോടി രൂപയുടെ അധിക ധനവിനിയോഗ ബില്ലാണ് ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്നത്. അങ്ങനെ അധിക ധനവിനിയോഗം നടത്തുന്നതിനുള്ള അംഗീകാരം സഭയിൽനിന്നും വാങ്ങണമെന്നത് ജനാധിപത്യ സംവിധാനത്തിലെ കീഴ്‌വഴക്കമാണ്. അങ്ങനെ ധനവിനിയോഗ ബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതും പാസ്സാക്കുന്നതും തടസ്സപ്പെടുത്താൻ ലഭിക്കുന്ന ഏതൊവസരവും പരമാവധി വിനിയോഗിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഒൻപതര വർഷക്കാലമായി എൽ.ഡി.എഫ്. സർക്കാർ ഭരിക്കുന്ന കേരളത്തിൽ പ്രത്യേകിച്ച് രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് മന്ത്രിമാരായി ചുമതലയേറ്റവരാണ് ഞങ്ങളിലേറെപേരും. ഈ സർക്കാർ അധിക ചെലവുകൾ ചെയ്യുന്നുവെന്നും അത് വലിയ സാമ്പത്തിക തകർച്ചയിലേയ്ക്ക് കേരളത്തെ കൊണ്ടുപോകുന്നുവെന്നുമാണ് പ്രതിപക്ഷം നിരന്തരം

പറഞ്ഞുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ മികച്ച ശമ്പളവും ക്ഷേമപെൻഷനും നൽകുന്നുവെന്നും കാർഷിക മേഖലയിൽ അധികമായി തുക ചെലവഴിക്കുന്നുവെന്നും നാട്ടിലാകെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുവെന്നും മാത്രമല്ല, ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ഹജ്ജ് ഹൗസിന്റെ കാര്യങ്ങൾ, മറ്റേത് മതവിഭാഗത്തിന്റെയും കാര്യങ്ങൾ, പിൽഗ്രിം ടൂറിസത്തിനുള്ള സൗകര്യങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങൾ ചെയ്ത് ധാരാളം തുകകൾ ചെലവഴിക്കുന്നതുകൊണ്ട് ഞങ്ങൾ തകർന്നുപോകുമെന്ന് പറയുന്നൊരു അവസ്ഥയായിരുന്നു നിലനിന്നിരുന്നത്. പക്ഷെ, രണ്ടാം പിണറായി സർക്കാർ അധികാരത്തിൽവന്ന് നാലര വർഷം കഴിഞ്ഞിട്ടും ഞങ്ങൾ തകർന്നുപോയില്ല. കഴിഞ്ഞ ദിവസം പുറത്തുവന്ന സി.&എ.ജി. (കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ) റിപ്പോർട്ടിൽ കേരളം കടക്കെണിയിലല്ലെന്ന് വ്യക്തമാക്കുകയും ഇന്ത്യയിൽ മെച്ചപ്പെട്ടുവരുന്ന അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യേണ്ട ഒരു വേദിയല്ലേ ഈ നിയമസഭ; കഴിഞ്ഞ മുപ്പത് വർഷത്തേയോ അൻപത്

വർഷത്തെയോ കണക്ക് പരിശോധിച്ചാൽ കേരളത്തിന്റെ ആകെ ബോറോയിങ് മുമ്പ് വർധിച്ചുവരുന്നതിനനുസരിച്ച് ഇപ്പോൾ വർധിച്ചുവരുന്നില്ലെന്ന് മനസ്സിലാക്കാം. തൊട്ടുമുമ്പുള്ള അഞ്ച് ഗവൺമെന്റിന്റെ കണക്കുകൾ പരിശോധിച്ചാൽ കിട്ടേണ്ടിയിരുന്ന പരിഗണനയിലെ ഒരുലക്ഷത്തി ഇരുപത്തയ്യായിരം കോടി രൂപയുടെ ബോറോയിങ് കുറഞ്ഞു. എന്നിട്ടും ഈ സംസ്ഥാനം ഒരുലക്ഷത്തി അറുപത്തയ്യായിരം കോടി രൂപയിലധികം ഒരു വർഷം ചെലവാക്കിയാണ് മുന്നോട്ടുപോകുന്നത്. ഇങ്ങനെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നത് തടസ്സപ്പെടുത്തുകയെന്നതാണ് പ്രതിപക്ഷത്തിന്റെ ആഗ്രഹമാണെന്ന് ഞങ്ങൾക്ക് അറിയാം. ഇതല്ലെങ്കിൽ വേറൊരു കാര്യം പറഞ്ഞ് പ്രതിപക്ഷം ചർച്ച തടസ്സപ്പെടുത്തും. മൂക്ക് മുറിച്ച് ശകുനം മുടക്കുന്നവരാണ് പ്രതിപക്ഷത്തുള്ളത്. സഭയിൽ ഇതെല്ലാം ചർച്ച ചെയ്യുന്നതിന് ഓരോ വകുപ്പിനും കുറച്ചുകൂടി അവസരം നൽകണമെന്നാണ് അങ്ങനെ മൂക്ക് മുറിച്ച് ശകുനം മുടക്കുന്ന ആളുകളുടെ മുന്നിൽ എനിക്ക് പറയാനുള്ളത്.

'കൊള്ള കൊള്ള കമ്മീഷൻ' എന്നാണ് പ്രതിപക്ഷം പറയുന്നത്. ഏത്

കാര്യത്തിലും കമ്മീഷൻ ലഭിക്കുന്ന കാര്യത്തെക്കുറിച്ചാണ് അവർ ആദ്യം ചിന്തിക്കുന്നത്. (......ബഹളം....) ഇത്രയും തുക ഞങ്ങൾ ചെലവഴിക്കുമ്പോൾ അതിന് കമ്മീഷൻ വാങ്ങുകയാണോയെന്നാണ് അവർ ചോദിക്കുന്നത്; കമ്മീഷൻ വാങ്ങിയിരുന്നത് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ ഉണ്ടായിരുന്നപ്പോഴാണ്. കമ്മീഷൻ വാങ്ങുന്ന പരിപാടി എൽ.ഡി.എഫ്. സർക്കാരിനില്ല. ഞങ്ങൾ കമ്മീഷൻ വാങ്ങുന്നൊരു സർക്കാരല്ലെന്നു മാത്രമല്ല ഈ നാട്ടിലെ ജനങ്ങളോടൊപ്പം എപ്പോഴും നിൽക്കുമെന്ന് ജനങ്ങൾ തിരിച്ചറിയുകയും ചെയ്യുന്നൊരു സർക്കാരായതുകൊണ്ടാണ് ഈ ഗവൺമെന്റിന് ജനങ്ങളുടെ പിന്തുണ എല്ലാ സ്ഥലങ്ങളിൽനിന്നും ലഭിക്കുന്നത്. അക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ വിഷമം ഞങ്ങൾക്കറിയാം. പക്ഷെ നിങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖം ബാനർ ഉപയോഗിച്ച് മറച്ചുപിടിച്ച് ബഹളം വയ്ക്കുന്നത് ശരിയല്ല.

ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നേരത്തെ ഈ സഭയിൽ പറഞ്ഞതുപോലെ ശ്രീമതി സോണിയാ ഗാന്ധിയും ഇന്ത്യയുടെ പ്രതിപക്ഷ നേതാവായ ശ്രീ. രാഹുൽ ഗാന്ധിയും നിങ്ങൾ പറഞ്ഞ

സി.ബി.ഐ.-യെ കുറ്റപ്പെടുത്തുന്നുണ്ടോ; നിങ്ങളുടെ പാർട്ടി ഓഫീസിന്റെയും ജവഹർലാൽ നെഹ്റു സ്ഥാപിച്ച പത്രത്തിന്റെയും പേരിൽ ഇപ്പോഴും ശ്രീ. രാഹുൽ ഗാന്ധിയെയും ശ്രീമതി സോണിയാഗാന്ധിയെയും ദിവസവും ചോദ്യം ചെയ്തുകൊണ്ടിരിക്കുകയല്ലേ? ശബരിമല വിഷയം സി.ബി.ഐ.-ക്ക് വിടണമെന്നാണ് നിങ്ങൾ പറയുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെട്ടിരിക്കുന്ന ഈ വിഷയത്തിൽ ഗവൺമെന്റിന് എങ്ങനെയാണ് ഇടപെടാൻ സാധിക്കുന്നത്; ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിയന്ത്രണത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷിക്കുന്നൊരു വിഷയത്തിന്മേൽ കാര്യങ്ങൾ പുറത്തുവരട്ടെ, അങ്ങനെ എല്ലാ കാര്യങ്ങളും പുറത്തുവരണമെന്നാണ് ഞങ്ങളുടെയും ആഗ്രഹം. നിങ്ങൾക്ക് വെറുതെയൊരു പുകമറയുണ്ടാക്കണം. (...ബഹളം....) ഇവർ ഹിന്ദിയിലാണ് മുദ്രാവാക്യം വിളിക്കുന്നത്. അങ്ങനെ വിളിച്ചാൽ മാത്രമെ ഡൽഹിയിൽ ഉള്ളവർക്ക് മനസ്സിലാകുകയുള്ളൂ. എ.ഐ.സി.സി നേതൃത്വത്തിന് മനസ്സിലാകാൻ വേണ്ടി 'ചോർ ഹെ, ചോർ ഹെ' എന്ന് വിളിക്കേണ്ടത് പ്രതിപക്ഷത്തിന്റെ ആവശ്യമാണ്. (....ബഹളം.....) അതുകൊണ്ട് അങ്ങനെ വിളിക്കുന്നത് വളരെ

നല്ലൊരു കാര്യമാണ്. ഇതെല്ലാം വീഡിയോ എടുത്ത് ഡൽഹിയിൽ കൊടുക്കാം. പക്ഷെ കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ ഇതൊന്നും വിലപ്പോവില്ല. മാത്രമല്ല, ഇന്ന് ദേവസ്വം ബോർഡിന് മുമ്പിൽ ആർ.എസ്.എസ്.-ന്റെ ഒരു പ്രസംഗം നടക്കുന്നുണ്ട്. അവിടെ മൂന്ന് സ്ഥലത്ത് ഹിന്ദിയിലെ ഇതേ മുദ്രാവാക്യം കേട്ടു. ഒരു ആൾതന്നെയാണോ ഈ മുദ്രാവാക്യം എഴുതിക്കൊടുത്തതെന്ന് എനിക്കറിയില്ല. (.....ബഹളം......) ഇന്ത്യയിൽ മുമ്പും ഈ മുദ്രാവാക്യം ഞാൻ കേട്ടിട്ടുള്ളതാണ്. നിങ്ങൾ ഈ മുദ്രാവാക്യങ്ങൾ വിളിക്കുന്നത് നല്ലതുതന്നെയാണ്. ഇങ്ങനെ വിളിക്കുമ്പോൾ എന്താണ് ഈ കേരളത്തിൽ നടക്കുന്നതെന്ന് ജനങ്ങൾക്ക് മനസ്സിലാകും. സംസ്ഥാനത്ത് ഒരു രൂപപോലും ചെലവാക്കുന്നത് നിയമസഭയിൽ കാര്യങ്ങൾ ചർച്ച ചെയ്യാനാണ്.

നിങ്ങൾ ഏകാധിപത്യത്തിന്റെ ആളുകളാണ്. എവിടെയായാലും നിങ്ങൾ നല്ലതുപോലെ സംസാരിക്കാൻ കഴിവുള്ളവരാണ്. ഇതിൽ എന്തെങ്കിലും ന്യായം ഉണ്ടായിരുന്നെങ്കിൽ ഈ വിഷയം സഭയിൽ ചർച്ച ചെയ്യുകയാണ് വേണ്ടത്. ഗ്യാലറിയിലിരിക്കുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവർ

നമ്മുടെ ഈ പാർലമെന്ററി പ്രോസിജിയറുകൾ കാണുകയല്ലേ; നിങ്ങൾ പറയുന്ന കാര്യങ്ങളൊന്നും അവർക്ക് മനസ്സിലാകുന്നില്ല. നിങ്ങൾക്ക് പറയാൻ പോയിന്റുകളില്ല. കേരളത്തിലെ മുഴുവൻ ജനങ്ങളും കാണുന്ന ഈ സഭാ നടപടികളിൽ കോൺഗ്രസിന്റെയും ലീഗിന്റെയും മറ്റ് നേതാക്കന്മാർക്ക് എന്തെങ്കിലും കാര്യങ്ങൾ പറയാൻ ഉണ്ടായിരുന്നുവെങ്കിൽ അതിനായി നിങ്ങൾ ഈ സഭ ഉപയോഗിക്കുമായിരുന്നു. ഈ അവസരം ഉപയോഗിക്കാത്തത് എന്തുകൊണ്ടാണ്; നിങ്ങൾ ചർച്ചകൾ ഇഷ്ടപ്പെടുന്നില്ല. നിങ്ങൾക്ക് പരമാധികാരം ലഭിച്ചാൽ നിങ്ങൾ പാർലമെന്റുപോലും ചേരുകയില്ല. സംസാരിക്കാൻ സമ്മതിക്കുകയില്ല. അങ്ങനെയുള്ള ജനാധിപത്യധ്വംസനമല്ല ഇവിടെ വേണ്ടത്. ഇന്ത്യയിൽ പി.എസ്.സി. നിയമനങ്ങളില്ലാതിരുന്നപ്പോൾ ഏറ്റവും കൂടുതൽ ആളുകൾക്ക് നിയമനം നൽകിയ സർക്കാരാണ് കേരളസർക്കാർ. (.....ബഹളം.....) ഈ കാലയളവിൽ കേരളത്തിൽ 50000 വേക്കൻസിയാണ് പുതുതായി സൃഷ്ടിച്ചത്. വനിതകൾക്ക് പൊലീസ്, എക്സൈസ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളിൽ പുതുതായി നിയമനങ്ങൾ നൽകി. ഇന്ത്യയിലാകെ സാമ്പത്തിക

ഞെരുക്കവും കോവിഡും പ്രളയവും വന്നപ്പോഴും നമ്മൾ അതിനെ നേരിട്ടതെങ്ങനെയാണ്; യഥാർഥത്തിൽ നിങ്ങൾക്കിങ്ങനെ തളത്തിലേക്ക് ഇറങ്ങാമായിരുന്നു. വയനാട് ദുരന്തത്തിന് 2600 കോടി രൂപ കേരള സർക്കാർ ആവശ്യപ്പെട്ടപ്പോൾ ഇരുന്നൂറ്റി ചില്വാനം കോടി രൂപ മാത്രമാണ് കേന്ദ്രസർക്കാർ അനുവദിച്ചത്. (.....ബഹളം....) നിങ്ങൾക്ക് മോദി ഗവൺമെന്റിനെതിരെ ഹിന്ദി മുദ്രാവാക്യം വിളിച്ചുകൂടേ; "കം ഹെ, കം ഹെ, ആപ്കാ പി.എം.ഡി.ആർ.എഫ്. കം ഹെ", എന്ന് മുദ്രാവാക്യം വിളിക്കണ്ടേ; "കേരളത്തിന്, വയനാട് പ്രകൃതിദുരന്തത്തിന് മോദി ഗവൺമെന്റ് നൽകിയ പണം കം ഹെ, കം ഹെ", എന്ന് പറയണ്ടേ; അത് നിങ്ങൾക്ക് പറയാൻ സാധിക്കില്ല. (.....ബഹളം....) അല്ലാതെ ഇങ്ങോട്ട് തിരിഞ്ഞുനിന്ന് പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. അതിനാൽ ഇത്രയേറെ കാര്യങ്ങൾ ചെയ്തൊരു ഗവൺമെന്റ്, 1,20,000 കോടി രൂപ ഒരുവർഷം ചെലവാക്കിയ സ്ഥാനത്ത് 1,65,000/- കോടി രൂപ ചെലവഴിക്കുന്നൊരു ഗവൺമെന്റ്, ജി.എസ്.ടി. പരിഷ്കരണത്തിന്റെ ഭാഗമായി തുക വെട്ടിക്കുറച്ചിട്ടും അതെല്ലാം തരണം ചെയ്ത് മുന്നോട്ടുപോകുന്നൊരു ഗവൺമെന്റ്, ഈ ഗവൺമെന്റ് കൂടുതൽ

സത്യസന്ധമായി ഇനിയും മുന്നോട്ടുപോകും. (.....ബഹളം....)

ഞങ്ങളൊക്കെ വിദ്യാർഥികളായിരുന്നപ്പോഴുള്ള ഒരു സംഭവത്തെക്കുറിച്ച് ഓർക്കുകയാണ്. അതായത്, ഏറ്റുമാനൂരപ്പന്റെ വിഗ്രഹം മോഷ്ടിച്ച ഒരു സ്റ്റീഫന്റെ കേസ് അക്കാലത്തുണ്ടായി. ആ സമയത്ത് കേരളം ഭരിച്ചിരുന്നത് നായനാർ സർക്കാരായിരുന്നു. നായനാർ ഗവൺമെന്റിനെതിരെ വന്ന വാർത്തകൾ ഞാൻ ഓർക്കുന്നു. 'ഭഗവാനെന്തിനാ പാറാവ്?' എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇ. കെ. നായനാർ പറഞ്ഞുവെന്ന് വലിയ വാർത്തയാണ് വന്നത്. അവസാനം കള്ളനെ പിടിച്ചപ്പോൾ, ഏറ്റുമാനൂരപ്പനെ മോഷ്ടിച്ചത് കെ.എസ്.യു.-വിന്റെ ജില്ലാ വൈസ് പ്രസിഡന്റായിരുന്ന തിരുവനന്തപുരത്തുള്ള സ്റ്റീഫൻ ആയിരുന്നുവെന്ന വാർത്തകളും അന്ന് പുറത്ത് വന്നതാണല്ലോ; (......ബഹളം.......) അത് അന്നത്തെ പത്രം നോക്കിയാൽ മനസ്സിലാകും. അതിനാൽ ഈ നാട്ടിൽ ദൈവങ്ങൾക്കും ദൈവവിശ്വാസികൾക്കും ഏറ്റവും കൂടുതൽ വിശ്വസിക്കാവുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെയാണ്. അത് മൂടോടെ മോഷ്ടിക്കാൻ ഞങ്ങൾ സമ്മതിക്കില്ല.

(.....ബഹളം....) അത് മോഷ്ടിക്കാൻ ഞങ്ങൾ സമ്മതിക്കുന്നവരല്ല ഞങ്ങൾ. നിങ്ങൾക്ക് എന്തിനും കമ്മീഷൻ വേണമെന്നാണല്ലോ; എന്തിനും കമ്മീഷൻ വേണമെന്ന് ആഗ്രഹിക്കുന്ന ആളുകൾ ഇത്തരം കാര്യങ്ങളൊക്കെ ചിന്തിക്കും. അതുകൊണ്ടാണ് ബഹു. കോടതി പറഞ്ഞിട്ടുപോലും നിങ്ങൾക്ക് മനസ്സിലാകാത്തത്. നേരത്തേ ഇവിടെ പറഞ്ഞതുപോലെ, ബഹു. കീഴ്കോടതി തോൽക്കുമെന്ന് പറയുന്നത്, വക്കീലിന് പൈസ മേടിക്കാൻ, അപ്പീലിന് പോകാൻ വിധിയായിട്ടുണ്ടെന്നാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി വരെ അപ്പീലിന് പോകാൻ വിധിയായി, എന്തായാലും ബഹുമാനപ്പെട്ട സുപ്രീംകോടതി ശാരീരികമായി ആരെയും ഉപദ്രവിക്കാത്തതിനാൽ രക്ഷപ്പെട്ടു. (.....ബഹളം....) നല്ല രീതിയിലുള്ള വിമർശനം മാത്രമാണ് വന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിലുൾപ്പെടെ അപ്പീലിന് പോകാനുള്ള അവകാശമൊക്കെയുണ്ട്. എന്നാൽ ആ അവകാശമുള്ളപ്പോഴും നാട്ടുകാരെ പറ്റിക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. (.....ബഹളം....)

ധനവിനിയോഗ ബിൽ പാസ്സാക്കുകയെന്നത് എല്ലാവരുടെയും ആവശ്യമല്ലേ;

അതിനെക്കുറിച്ച് ചർച്ച ചെയ്യാതെ ബി.ജെ.പി.-യെക്കുറിച്ച് ധാരാളം കാര്യങ്ങൾ ഈ സഭയിൽ ചർച്ച ചെയ്യാനുണ്ടായിരുന്നു. ഇന്നത്തെ കാലത്ത് ചർച്ച ചെയ്യേണ്ട പ്രധാന വിഷയമാണ് ജി.എസ്.ടി.. ജി.എസ്.ടി.-യിൽ വലിയ വെട്ടിക്കുറവുവന്നു. ഏഷ്യാനെറ്റ്, മലയാള മനോരമ, 24 ന്യൂസ്, റിപ്പോർട്ടർ, കൈരളി, ജയ്ഹിന്ദ് തുടങ്ങിയ മലയാളം ചാനലുകൾ എടുത്താലും ടാക്സ് കുറച്ചതിന്റെ ഗുണം ആർക്കും ലഭിക്കുന്നില്ലെന്നുള്ള വാർത്തകളാണ് വരുന്നത്. (.....ബഹളം....) ഇന്ത്യയിലാകെ ഈ കണക്കുകൾ വരുന്നു. അതിനെക്കുറിച്ചൊന്നും ഒരക്ഷരം പറയാനില്ല. ധനകാര്യ വിഷയങ്ങൾ ചർച്ച ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട ഈ ബില്ലിന്റെ സമയത്തുപോലും ബി.ജെ.പി.-യെ പരോക്ഷമായി സഹായിക്കുന്ന, ബി.ജെ.പി.-യും കോൺഗ്രസ്സും കൂടിചേർന്ന് കേരളത്തിൽ നടത്താനുദ്ദേശിക്കുന്ന കാര്യം, അത് മറ്റ് സംസ്ഥാനങ്ങളിൽ മാത്രമെ നടക്കുകയുള്ളൂ. പത്രം വായിക്കുന്നവരും കാര്യങ്ങൾ മനസ്സിലാക്കുന്നവരും ചരിത്രവുമറിയുന്നവരുമാണ് ഇവിടെയുള്ളത്. (.....ബഹളം....) കർണ്ണാടകത്തിലും ആന്ധ്രയിലും തെലുങ്കാനയിലും ഉത്തർപ്രദേശിലും നടത്തുന്ന രാഷ്ട്രീയം ഇവിടെ വിലപ്പോകില്ല. ഞങ്ങൾക്ക്

ഒരു ചാഞ്ചല്യത്തിന്റെയും കാര്യമില്ല. നിങ്ങൾ ഇന്ന് പറയുന്ന കാര്യം, നേരിട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും പ്രതിപക്ഷ ഉപനേതാവിന്റെയും മുൻ പ്രതിപക്ഷനേതാവിന്റെയൊക്കെ നേതൃത്വത്തിൽ നിങ്ങൾ ചർച്ച ചെയ്യാൻ ശ്രമിക്കൂ. നമുക്ക് അടുത്ത ദിവസം ചർച്ച ചെയ്യാം. അങ്ങോട്ടുമിങ്ങോട്ടും ചർച്ച ചെയ്തു നോക്കാം. (.....ബഹളം....) അതിന് തയ്യാറാകുന്നതിനുപകരം കേരളത്തിന്റെ മുന്നിൽ ഒളിച്ചോടുന്ന ഈ പ്രതിപക്ഷത്തിന്റെ നിലപാടുകളിൽ അതിശക്തമായി പ്രതിഷേധിക്കുകയാണ്. ഈ ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. (.....ബഹളം....)

<u>മി. സ്പീക്കർ</u>: 2025-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

(ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2025-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(.....ബഹളം....) പ്ലീസ്.. പ്ലീസ്... ബാനർ താഴ്ത്തിപ്പിടിക്കൂ. തുടർച്ചയായി ഫ്ലോർ recuse ചെയ്യരുതെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും പ്രതിപക്ഷ ഉപനേതാവിനോടും ചെയർ ഒരിക്കൽക്കൂടി അഭ്യർഥിക്കുന്നത്. നാളെ സഭ ചേരുമ്പോഴെങ്കിലും സഹകരിക്കണമെന്ന് ചെയർ അഭ്യർഥിക്കുകയാണ്. (.....ബഹളം....) തുടർച്ചയായി ഫ്ലോറിനെ recuse ചെയ്യുന്ന രീതി ശരിയല്ല, ജനാധിപത്യത്തിന് ഭൂഷണമല്ല. അത് സീരിയസായി rethink ചെയ്യാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും പ്രതിപക്ഷ ഉപനേതാവിനോടും ചെയർ അഭ്യർഥിക്കുകയാണ്. കാരണം,

വളരെ പ്രധാനപ്പെട്ട ബില്ലുകളാണ് ഈ സെഷനിൽ വരുന്നത്. (.....ബഹളം....) പ്രതിപക്ഷാംഗങ്ങൾ സഭാ നടപടികളോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. (.....ബഹളം....)

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ഒക്ടോബർ 08-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 11.15-ന് പിരിഞ്ഞു.)

* * * * * * * *